ബാലസാഹിത്യ ഗ്രന്ഥാവലി

# സി. വി. രാമൻ

സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ, കേരളാ

ബാലസാഹിത്യം

Date....................
ERNAKULAM.

# സി. വി. രാമൻ

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ, കേരളാ.

# വിഷയവിവരം


| | | |
|---|---|---|
| 1 | ഒരു ഭാരതരത്നം | 1 |
| 2 | അച്ഛനമ്മമാർ | 4 |
| 3 | ഒരു കൊച്ചു ശാസ്ത്രജ്ഞൻ | 5 |
| 4 | കലാശാലയിൽ | 9 |
| 5 | ഒരു കനത്ത അടി | 14 |
| 6 | വാതിൽ തുറന്നു | 17 |
| 7 | വിവാഹം | 20 |
| 8 | സക്കാരുദ്യോഗം | 22 |
| 9 | കോളേജ് പ്രഫസർ | 33 |
| 10 | പ്രഫസറുദ്യോഗത്തിനുശേഷം | 37 |
| 11 | രാമൻ ഒരു ഗവേഷകൻ | 38 |
| 12 | ലോകശാസ്ത്രജ്ഞൻ | 42 |
| 13 | രാമൻ ഒരു പ്രസംഗകൻ | 45 |
| 14 | രാമൻ ഒരു നല്ല മനുഷ്യൻ | 47 |
| 15 | ഓക്കേണ്ട വർഷങ്ങളും കാര്യങ്ങളും | 49 |

# ആമുഖം

നമ്മുടെ മാതൃഭാഷയിൽ ബാലസാഹിത്യ ഗ്രന്ഥങ്ങൾ കുറവാണ്. ആ കുറവു പരിഹരിക്കുന്നതിനായി സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് നടത്തുന്ന പ്രഥമ ശ്രമത്തിന്റെ ഫലമാണ് ഈ ബാലസാഹിത്യഗ്രന്ഥങ്ങൾ. മൂന്നുമുതൽ എട്ടുവരെ സ്റ്റാൻഡാർഡുകളിലെ വിദ്യാർത്ഥികളെ ഉദ്ദേശിച്ചാണ് ഇവ രചിക്കപ്പെട്ടിട്ടുള്ളത്. ജീവചരിത്രകഥകളാണ് ഇവയിലെ ഉള്ളടക്കം. വളരെ ദ്രുതഗതിയിൽ തയ്യാർ ചെയ്യേണ്ടിവന്നതുകൊണ്ട് ഗ്രന്ഥങ്ങളെ ഗുണത്തിലും കാഴ്ചയിലും വേണ്ടത്ര ഉത്തമങ്ങളാക്കുവാൻ സാധിച്ചിട്ടുണ്ടെന്നു തീർത്തു പറയുവാൻ നിവൃത്തിയില്ല.

അദ്ധ്യാപന പരിചയവും ഭാഷാസ്വാധീനവുമുള്ള പത്ത് അദ്ധ്യാപകർ ഏകദേശം നാലാഴ്ചക്കാലം കഠിനമായി അദ്ധ്വാനിച്ചതിന്റെ ഫലമായിട്ടാണ് ഈ ഗ്രന്ഥങ്ങൾ രൂപംകൊണ്ടത്. അദ്ധ്യാപകക്കാകട്ടെ ബാലസാഹിത്യകൃതികൾ രചിക്കുന്നതിനുള്ള ഒരു പരിശീലനരംഗമായും ഈ രചനാലയം പ്രയോജനപ്പെട്ടിട്ടുണ്ട്.

വിദ്യാർത്ഥികൾക്കു വായനയിലുള്ള താല്പര്യം വളർത്തുവാനും ഈ ഗ്രന്ഥങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള മഹാന്മാരുടെ ജീവിതകഥ വായിക്കുന്നതുകൊണ്ട് ബാലമനസ്സുകളിൽ സദ്സ്വഭാവങ്ങൾ രൂപപ്പെടുത്തുവാനും സാധിക്കുമെന്നു പ്രത്യാശിക്കുന്നു.

ഈ ഗ്രന്ഥങ്ങൾ പരിഷ്കരിക്കുന്നതിനുവേണ്ട സൃഷ്ടിപരമായ നിർദ്ദേശങ്ങൾ ക്ഷണിച്ചുകൊള്ളുന്നു.

ഡയറക്ടർ,
സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ,
തിരുവനന്തപുരം.

# ബാലസാഹിത്യരചനാലയം

## 1966

1 അരവിന്ദാക്ഷൻ ഉണ്ണിത്താൻ വി. ആർ.
2 ചന്ദ്രശേഖരൻനായർ എൻ.
3 കുഞ്ഞുൻ വേമ്പനി
4 പ്രഭാകരൻ വി
5 രാഘവക്കുറുപ്പ് എം. കെ.
6 രാമകൃഷ്ണൻനായർ എം. കെ.
7 സുധാകരൻ പി. ജി.
8 തോമസ്സ് കെ. കെ.
9 ഉണ്ണികൃഷ്ണൻ കെ. പി.
10 വാസുദേവൻ നമ്പ്യാതിരി എൻ.

# സി. വി. രാമൻ

## 1 "ഒരു ഭാരതരത്നം"

"താൻ ഈ ക്ലാസിൽതന്നെയാണോ പഠിക്കുന്നത്?"

"അതെ, സാർ"

"തനിക്കെന്തു പ്രായമുണ്ട്?"

"പതിമ്മൂന്നു വയസ്സ്"

"ഏതു കോളേജിലാണ് ഇൻറർമീഡിയററിനു പഠിച്ചത്?"

"വോൾട്ടയറിൽ"

"തൻെറ പേരെന്താണ്?"

"സി. വി. രാമൻ"

മദ്രാസ് പ്രസിഡൻസി കോളേജിലെ ഒരു ഇംഗ്ലീഷധ്യാപകനും ബി. ഏ. ക്ലാസിൽ പഠിക്കുവാൻ ചെന്ന ഒരു കൊച്ചുകുട്ടിയും തമ്മിൽ ക്ലാസിൽവച്ചു നടന്ന സംഭാഷണമാണിത്. ഇംഗ്ലീഷ് സാഹിത്യത്തിൽ പണ്ഡിതനും കുട്ടികൾക്കേററം പ്രിയമുള്ളവനുമായ ശ്രീ. ഈ. എച്ച്. എലിയട്ടാണ് ഈ അധ്യാപകൻ. ലോകപ്രസിദ്ധമായ 'നോബൽ' സമ്മാനം നേടി നമ്മുടെ ഭാരതത്തിന് ലോകശാസ്ത്രജ്ഞന്മാരുടെ ഇടയിൽ പേരും പെരുമയും നേടിക്കൊടുത്ത സർ. സി. വി. രാമനാണ് ഈ കൊച്ചുകുട്ടി. കൗമാരത്തിലേക്കു കാലൂന്നുകമാത്രം ചെയ്തിരുന്ന രാമൻ വളരെ മെലിഞ്ഞിരുന്നു. മാത്രമല്ല പ്രായത്തിനുതക്ക പൊക്കവും ആ കുട്ടിക്കില്ലായിരുന്നു. പതിമ്മൂന്നു വയസ്സുമാത്രം പ്രായമുള്ള ഒരു കൊച്ചുകുട്ടി ബി. ഏ. ക്ലാസിൽ പഠിക്കുവാൻ ചെല്ലുക അന്നും ഇന്നും പതിവില്ല. താഴ്ന്ന ക്ലാസുകളിൽ എവിടെയോ പഠിക്കുവാൻ വന്ന ഒരു കൊച്ചുകുട്ടി ക്ലാസുമാറിക്കയറിയിരുന്നതായിരിക്കാമെന്നാണ് അദ്ധ്യാപകൻ ആദ്യം കരുതിയത്. അതുകൊണ്ടായിരിക്കാം. ക്ലാസിൽ പരസ്യ

മായി ഇത്തരം ഒരു സംഭാഷണത്തിന് അദ്ദേഹം ഒരുങ്ങിയത്. ഏതായാലും ഈ സംഭവം രാമനെ ആ കോളേജിലെ അദ്ധ്യാപകരുടെയും കുട്ടികളുടെയും ഇടയിൽ പ്രസിദ്ധനാക്കി. ബുദ്ധിമാനായ രാമൻ എല്ലാവരുടെയും സംസാരവിഷയമായി. ആ കൊച്ചുമിടുക്കനെ എല്ലാവരും അറിഞ്ഞു. അദ്ധ്യാപകരെല്ലാം അയാളുടെ ബുദ്ധിസാമർത്ഥ്യത്തിൽ ആശ്ചര്യപ്പെട്ടു. രാമൻ ഭാവിയിൽ വലിയവനാകും എന്നു ചിലർ അന്നേ പറഞ്ഞു. അവരുടെ വാക്കു ഫലിച്ചു.

1930-ൽ ശാസ്ത്രത്തിനുള്ള 'നോബൽ' സമ്മാനം രാമൻ നേടി. അതോടെ അദ്ദേഹം ലോകപ്രസിദ്ധനായി. ലോകത്തിൻെറ പല ഭാഗങ്ങളിലുംവച്ച് പല ശാസ്ത്രസമ്മേളനങ്ങൾ നടന്നു. അവിടെയെല്ലാം ഭാരതത്തിൻെറ പ്രതിനിധിയായി അദ്ദേഹം പങ്കെടുത്തു. ആ സദസ്സുകളിൽ അദ്ദേഹം നടത്തിയ പ്രസംഗങ്ങൾ പ്രസിദ്ധങ്ങളാണ്. അദ്ദേഹത്തിൻെറ വക ശാസ്ത്രീയ ലേഖനങ്ങൾ വളരെയുണ്ട്. ആ ലേഖനങ്ങളും അദ്ദേഹത്തെ വലിയവനാക്കി.

ഒരു കാര്യം തുറന്നു പറയേണ്ടിയിരിക്കുന്നു. ശാസ്ത്രജ്ഞന്മാർ ഇന്നു തീരെ കുറവാണ്. യൂറോപ്യന്മാർ കായും കിഴങ്ങും തിന്ന് കാടുകളിൽകൂടി അലഞ്ഞുനടന്ന ഒരു കാലമുണ്ടായിരുന്നു. ആ കാലത്തും നമ്മുടെ നാട്ടിൽ വിമാനങ്ങളും മററും ഉണ്ടായിരുന്നതായി പുരാണങ്ങൾ പറയുന്നു. രാവണൻ സീതയെ കട്ടുകൊണ്ടുപോയതു് വിമാനത്തിലാണല്ലോ. ഇതിൽനിന്നും പണ്ട് നമ്മുടെ നാട്ടിൽ ശാസ്ത്രം അഭിവൃദ്ധിപ്പെട്ടിരുന്നുവെന്നു മനസ്സിലാക്കാം. അന്നു സമർത്ഥരായ പല ശാസ്ത്രജ്ഞന്മാരും നമുക്കുണ്ടായിരുന്നു. കാലം കടന്നുപോയി. കഥയാകെ മാറി. ഇംഗ്ലീഷുകാർ ഇവിടെ ഭരിച്ചു. പുതിയ വിദ്യാഭ്യാസം തുടങ്ങി. അതോടെ ശാസ്ത്രത്തിലുള്ള നമ്മുടെ താല്പര്യം കുറഞ്ഞു. ഭാരതീയർ അലസരായി. അങ്ങനെ നാം അധഃപതിച്ചുതുടങ്ങി. ഇന്ത്യ സ്വാതന്ത്ര്യമായപ്പോൾ ശാസ്ത്രപഠനത്തിനു വളരെ പ്രാധാന്യം കല്പിച്ചിട്ടുണ്ട്. ഇന്നു നമ്മുടെ നാട്ടിൽ ധാരാളം പരീക്ഷണശാലകൾ ഉണ്ട്. ആർക്കും ഏതു പരീക്ഷണവും നടത്താം. നമ്മുടെ ഈ ശാസ്ത്രീയമായ ഉയർത്തെഴുന്നേല്പിന് കാരണക്കാരായ പല മഹാന്മാരുണ്ട്; അവരിൽ പ്രധാനിയാണ് സർ. സി. വി. രാമൻ.

രാമൻ ശാസ്ത്രരംഗത്തേക്ക കടന്നുവന്ന ആ കാലത്തെപ്പററി നാം ഒന്നോക്കണം. അന്നു പരീക്ഷണശാലകൾ വളരെ കുറവായിരുന്നു. ഉപകരണങ്ങൾ നന്നായിരുന്നില്ല. സാമാന്യവിദ്യാഭ്യാസം പോലും പ്രചരിച്ചിരുന്നില്ല. എന്നാൽ ഉയന്നനിലയിൽ ശാസ്ത്രം പഠിക്കുവാൻ അദ്ദേഹത്തിനു ഭാഗ്യമുണ്ടായി. രാമൻ ശാസ്ത്രം പഠിച്ചതു് ജീവിക്കുവാൻവേണ്ടി ഒരു ഉദ്യോഗം കിട്ടണമെന്നാഗ്രഹിച്ചില്ല. തനിക്കു കിട്ടിയ അറിവുവച്ചു് പുതിയ കാര്യങ്ങൾ കണ്ടുപിടിക്കുവാനാണു് അദ്ദേഹം ശ്രമിച്ചതു്. അങ്ങനെ ലോകത്തിനു നന്മവരുത്തുവാനാണു് ആ മഹാൻ ആഗ്രഹിച്ചതു്. ഈ ആഗ്രഹമാണു് ലോകശാസ്ത്രജ്ഞന്മാരുടെ നിരയിലേക്കു രാമനെ ഉയത്തിയതു്. അതുകൊണ്ടുതന്നെയാണു് അദ്ദേഹം ഇന്നു് ഭാരതത്തിനു് ഒരു വിലയേറിയ രത്നമായിത്തീന്നിട്ടുള്ളതു്.

1954 ൽ സർ. സി. വി. രാമനു് 'ഭാരതരത്നം' എന്ന ബഹുമതിനൽകി, ഇന്ത്യയുടെ പ്രസിഡൻറു് അദ്ദേഹത്തെ ബഹുമാനിച്ചു. ഇതു വരെ ഈ ബഹുമതി കിട്ടിയിട്ടുള്ളതു് ജവഹർലാൽ നെഹ്റു, രാജേന്ദ്രപ്രസാദു് തുടങ്ങി ആറോ ഏഴോ മഹാന്മാക്കു മാത്രമാണു്.

ഈ 'ഭാരതരത്ന'ത്തെ നമുക്കൊന്നു പരിചയപ്പെടാം. നമ്മുടെ അയൽ സംസ്ഥാനമായ മൈസൂറിൽ ബാംഗ്ളൂർ എന്നൊരു പട്ടണമുണ്ടു്. അവിടെ 'രാമൻ ഇൻസ്റ്റിററ്യൂട്ട്'* എന്നൊരു ഗവേഷണശാലയുണ്ടു്. അവിടെ ചെന്നാൽ എൺപതിനോടടുത്ത ആ ശാസ്ത്രജ്ഞനെ കാണാം. "ആറടിയിൽ കുറയാത്ത പൊക്കം, പൊക്കത്തിനു തക്കവണ്ണം, വിസ്താരമേറിയ നെററി, നെററിയിൽ ചെറിയ ചുളിവുകൾ, നീണ്ട തിളക്കമുള്ള കണ്ണുകൾ, തല മുഴുവൻ മൂടുന്ന ഒരു തലപ്പാവു്"—ഈ ലക്ഷണങ്ങളെല്ലാമുള്ള ഒരു എൺപതുകാരനെ കണ്ടാൽ, അതാണു് സർ. സി. വി. രാമൻ. അദ്ദേഹമാണു് ആ ഗവേഷണശാലയുടെ സ്ഥാപകനും ഉടമസ്ഥനും; അദ്ദേഹംതന്നെയാണു് പ്രസിദ്ധമായ 'നോബൽ' സമ്മാനം നേടിയ "ഭാരതരത്നം—സർ. സി. വി. രാമൻ."

---

* ശാസ്ത്രീയമായ പരീക്ഷണങ്ങളും മററും നടത്തുന്നസ്ഥലം

## 2. അപ്പനമ്മമാർ

രാമൻെറ മുത്തച്ഛന്മാരെല്ലാം കൃഷിക്കാരായിരുന്നു. അവർ കൃഷിക്കാരായിരിക്കുമ്പോൾത്തന്നെ ചെറിയ ജന്മികളുമായിരുന്നു. അവർ ഒരു കാര്യത്തിൽമാത്രം മററു ജന്മികളെപ്പോലായിരുന്നില്ല. വല്ലവരും കൃഷിചെയ്തു തരുന്ന പാട്ടപ്പണവും വാങ്ങി അവർ മടിയന്മാരായി കഴിഞ്ഞിരുന്നില്ല. അവരെല്ലാം നന്നായി ജോലിചെയ്യുന്നവരായിരുന്നു.

ആ കുടുംബത്തിൽ ആദ്യമായി കൃഷിപ്പണിവിട്ട് മറെറാരു ജോലി സ്വീകരിച്ച ആൾ രാമൻെറ പിതാവായ ചന്ദ്രശേഖരയ്യരാണു്. അദ്ദേഹം ഒരദ്ധ്യാപകനായിരുന്നു. തൻെറ കാരണവന്മാരെപ്പോലെ ഏതു കഠിന ശ്രമവും ചെയ്യുവാൻ കഴിവുള്ളവനായിരുന്നു ചന്ദ്രശേഖരയ്യർ. സ്കൂൾ ഫൈനൽകാരനായിരുന്ന ഈ അദ്ധ്യാപകൻ തന്നത്താൻ പഠിച്ചു് ബി. എ. ജയിച്ചു. അന്നു ബി. എ.ക്കാർക്കു് കോളേജിൽ പഠിപ്പിക്കാമായിരുന്നു. അങ്ങനെ അദ്ദേഹം കോളേജദ്ധ്യാപകനായി. ആ പരിശ്രമശീലമാണു് രാമനിലേക്കും പകന്നതു്. ചന്ദ്രശേഖരയ്യർ ശാസ്ത്രതല്പരനായിരുന്നു. അതുപോലെതന്നെ പുത്രനും. ആ കുടുംബക്കാർ പൊതുവിൽ സംഗീതത്തിൽ സമർത്ഥരായിരുന്നു. പ്രസിദ്ധ സംഗീതവിദ്വാനായിരുന്ന ശ്രീ. വൈദ്യനാഥയ്യരുടെ കുടുംബമാണു് അതു്. അതിനാൽ ചന്ദ്രശേഖരയ്യരും പുത്രനായ രാമനും ഒന്നുപോലെ സംഗീതത്തിൽ സാമർത്ഥ്യം നേടി. ഇവയാണു് അച്ഛൻെറ കുടുംബത്തിൽനിന്നും കിട്ടിയ നേട്ടങ്ങൾ.

ഇനി അമ്മയുടെ കുടുംബം എങ്ങനെയുള്ളതെന്നു നോക്കാം. രാമൻെറ അമ്മ 'പാവ്വതിയമ്മാൾ' എന്ന മഹതിയാണു്. പണ്ഡിതന്മാരുടെ ഒരു കുടുംബമാണു് പാവ്വതിയമ്മാളിന്റേതു്. വിദ്യയായിരുന്നു ആ കുടുംബത്തിനു പ്രധാനം. എല്ലാ ധനത്തെക്കാളും അവർ വിദ്യയ്ക്കു പ്രാധാന്യം കല്പിച്ചു. വിദ്യ സമ്പാദിക്കുന്നതിനു് ഏതു ക്ലേശവും സഹിക്കുവാൻ അവർ ഒരുക്കമുള്ളവരായിരുന്നു. പാവ്വതി

യമ്മാളിന്റെ പിതാവുതന്നെ ദിവസവും പതിനഞ്ചുമൈൽവീതം നടന്നാണ് പള്ളിക്കൂടത്തിൽ പഠിച്ചിരുന്നതു്. പഠിക്കുവാൻ അദ്ദേഹം സഹിച്ചക്ലേശം എത്ര വലുതു്! ഈ ഉത്സാഹശീലം അച്ഛനിൽനിന്നും മകളിലേക്കും മകളിൽനിന്നും രാമനിലേക്കും പകൎന്നു.

ചന്ദ്രശേഖരയ്യരുടെയും പാൎവ്വതിയമ്മാളിന്റെയും മകനായി സി. വി. രാമൻ 1888 നവംബർമാസം ഏഴാംതീയതി തൃശ്ശിനാപ്പള്ളിയിൽ ജനിച്ചു. രാമൻ ജനിച്ച് അധികകാലം കഴിയുന്നതിനു മുമ്പ് ചന്ദ്രശേഖരയ്യൎക്കു വിശാഖപട്ടണത്തിലുള്ള വോൾട്ടയർ കോളേജിൽ അദ്ധ്യാപകനായി ജോലികിട്ടി. അതോടെ അയ്യർ കുടുംബസഹിതം വിശാഖപട്ടണത്തിൽ സ്ഥിരതാമസമാക്കി.

## 3. ഒരു കൊച്ചു ശാസ്ത്രജ്ഞൻ

'ചില കുട്ടികൾ ആരായിത്തീരുമെന്നു് അവരുടെ ചെറുപ്പകാലം വിളിച്ചു പറയും.' മഹാനായ ബുദ്ധൻ തന്റെ ചെറുപ്രായത്തിൽ കണ്ണുമടച്ചു് ജപിച്ചുകഴിയുമായിരുന്നു. അദ്ദേഹം പില്ക്കാലത്തു് ലോകം ഉപേക്ഷിച്ചു തപസ്സു ചെയ്തില്ലേ? പ്രസിദ്ധ ശാസ്ത്രജ്ഞനായ സർ തോമസ് ആൽവാ എഡിസൺ തന്റെ ഇളം പ്രായത്തിൽ പല വികൃതികളും കാണിച്ചിട്ടുണ്ടു്. ഒരിക്കൽ അദ്ദേഹം കുറെ കോഴിമുട്ട അടവച്ചിട്ടു് പിടക്കോഴിക്കു പകരം ആ മുട്ടയുടെ മീതെ അടയിരുന്നുവത്രെ. താൻ അടയിരുന്നാൽ കോഴിമുട്ട വിരിയുമോ എന്നറിയാൻ പരീക്ഷിക്കുകയായിരുന്നു. ഇതു് എഡിസൺ 'പില്ക്കാലത്തു്' ഒരു ശാസ്ത്രജ്ഞനായിത്തീരുമെന്നതിന്റെ മുന്നോടി സംഭവമായി കണക്കാക്കിക്കൂടെ? രാമന്റെ ബാല്യത്തിലും ഇതുപോലുള്ള ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ടു്.

ഒരു ദിവസം രാമൻ തന്റെ അച്ഛന്റെ അടുക്കൽ ഏതാനും സാധനങ്ങൾക്കു വേണ്ടി ശാഠ്യം പിടിച്ചു.

"എന്തിനാണു് നിനക്കു്, ഈ സാധനങ്ങളെല്ലാം?" അച്ഛൻ ചോദിച്ചു.

"എനിക്കു" ഒരു [1] ഡൈനാമോ ഉണ്ടാക്കണം" മകൻ പറഞ്ഞു.

"നിനക്കു" ഇപ്പോഴും പത്തു വയസ്സുപോലും തികഞ്ഞിട്ടില്ല. നീ ഡൈനാമോയും മററും ഉണ്ടാക്കേണ്ട." അച്ഛൻ മകനെ തടഞ്ഞു. മകൻ വാവിട്ടു കരഞ്ഞു. ആ കരച്ചിൽ കേട്ട് പിതാവിൻെറ മനസ്സലിഞ്ഞു. അന്നു വൈകുന്നതിനു മുമ്പ് ആ സാധനങ്ങൾ അച്ഛൻ വാങ്ങിക്കൊടുത്തു. താൻ ആഗ്രഹിച്ച സാധനങ്ങൾ കിട്ടിയപ്പോൾ മകൻ പുഞ്ചിരിതൂകി. ആ കണ്ണുകളിൽ പ്രകാശം പരന്നു. "നീ ഡൈനാമോ ഉണ്ടാക്കിക്കഴിയുമ്പോൾ എന്നെക്കൂടി കാണിക്കണം" പിതാവു് ആവശ്യപ്പെട്ടു. മകൻ സമ്മതിച്ചു. പിറെറ ദിവസം രാവിലെ തന്നെ മകൻ ഡൈനാമോ ഉണ്ടാക്കുവാൻ തുടങ്ങി. ഊണും ഉറക്കവും ഉപേക്ഷിച്ചു് അയാൾ തൻെറ ശ്രമം തുടൎന്നു. പരീക്ഷണം തന്നെ പരീക്ഷണം. സന്ധ്യയോടുകൂടി പരീക്ഷണം വിജയിച്ചു. രാമൻ തുള്ളിച്ചാടി. തൻെറ ഡൈനാമോ പ്രവൎത്തിക്കുമെന്നു് അയാൾ കണ്ടു. അച്ഛൻ സന്ധ്യയ്ക്കു വന്നപ്പോൾ രാമൻ പടിവാതില്ക്കൽ ചെന്നു് എതിരേററു. അച്ഛൻെറ വലതുകൈ പിടിച്ചുകൊണ്ടു് രാമൻ ഓടുകയാണു്. അച്ഛൻ ചോദിച്ചു: "എന്താണു കാൎയ്യം?" രാമൻ ഉത്തരമൊന്നും പറയാതെ അച്ഛനെ പിടിച്ചു വലിച്ചു ഡൈനാമോയുടെ അടുക്കൽകൊണ്ടുചെന്നാക്കി. അച്ഛൻ ആ ഡൈനാമോ സൂക്ഷിച്ചുനോക്കി. അതുശരിയായി പ്രവൎത്തിക്കുന്നതാണോ എന്നു പരിശോധിച്ചു. അച്ഛനു സന്തോഷമായി. മകൻെറ തോളിൽപിടിച്ചുകൊണ്ടു് 'ഇനിയും നീനക്കു ഡൈനാമോ ഉണ്ടാക്കണമെങ്കിൽ കൂടുതൽ സാധനങ്ങൾ ഞാൻ വാങ്ങിത്തരാം' എന്നു ചന്ദ്രശേഖരയ്യർ പറഞ്ഞു. എൻെറ മകൻ പഠിച്ചു പഠിച്ചു മിടുക്കനാകണം, എന്നു പറഞ്ഞു് അദ്ദേഹം മകൻെറ നെററിയിൽ ചുംബിച്ചു. മകൻ സന്തോഷംകൊണ്ടു രോമാഞ്ചമണിഞ്ഞു.

തൻെറ മകൻ ഭാവിയിൽ ഒരു [2]ശാസ്ത്രഗവേഷകൻ ആയിത്തീരുമെന്നു് ഈ സംഭവംകൊണ്ടു് ചന്ദ്രശേഖരയ്യർ ഊഹിച്ചു. മകൻെറ ശാസ്ത്രതാല്പൎയ്യത്തെ അദ്ദേഹം കഴിയുന്നതു പ്രോത്സാഹിപ്പിച്ചു. അയ്യർ

---

1 വിദ്യുച്ഛക്തി ഉണ്ടാക്കുന്ന ഒരു ഉപകരണം

2 ശാസ്ത്രീയ പരീക്ഷണങ്ങളും മററും നടത്തുന്നവൻ

പഠിക്കുന്ന കോളേജിനോടു ചേർന്നുള്ള പള്ളിക്കൂടത്തിലാണു് രാമൻ സ്കൂൾ വിദ്യാഭ്യാസം ആരംഭിച്ചതു്. താഴ്ന്നക്ലാസുകളിലെ പാഠങ്ങളെല്ലാം ആ കുട്ടി വീട്ടിൽവച്ചു പഠിച്ചിരുന്നു. അതിനാൽ രാമനെ ചെറിയ പ്രായത്തിൽ തന്നെ ഉയർന്ന ക്ലാസിലാക്കി. അതുകൊണ്ടു് തീരെ ചെറുപ്രായത്തിലേ രാമനു് ഉയർന്ന പരീക്ഷകൾ ജയിക്കുവാൻ സാധിച്ചു.

ഇംഗ്ലീഷു്, സയൻസു് എന്നീ വിഷയങ്ങളിലായിരുന്നു രാമനു കൂടുതൽ താല്പര്യം. കാര്യങ്ങൾ നേരാംവണ്ണം മനസ്സിലാക്കണമെന്നു് അയാൾക്കു നിർബ്ബന്ധമുണ്ടായിരുന്നു. എന്തെങ്കിലും മനസ്സിലാകാതെ വന്നാൽ രാമൻ, അദ്ധ്യാപകന്റെ അടുക്കൽ വീണ്ടും വീണ്ടും, ചോദിക്കും,പൂർണ്ണമായി മനസ്സിലാകുന്നതുവരെ ചോദിക്കും. അവർ പറയുന്നതുചെവിയോർത്തുകേൾക്കും.കേൾക്കുന്നതിനെപ്പററിചിന്തിക്കും പരീക്ഷിച്ചറിയേണ്ട കാര്യങ്ങൾ പരീക്ഷിച്ചു മനസ്സിലാക്കും. വീണ്ടും സംശയംവന്നാൽ അറിയാവുന്നവരോടു ചോദിക്കും. ഇതായിരുന്നു രാമന്റെ പഠനരീതി. ഈ രീതി അദ്ധ്യാപകരെ കൂടുതൽ ആകർഷിച്ചു. 'രാമൻ വലിയവനാകും' എന്നു് ചില അദ്ധ്യാപകർ അന്നേപറഞ്ഞു. അവർ വെറുതെ പറഞ്ഞതല്ല. ഇത്ര സമർത്ഥനായ ഒരു കുട്ടിയെ അവർ അതിനു മുമ്പു കണ്ടിട്ടില്ല. സയൻസിന്റെ കാര്യം പറഞ്ഞാൽ ഹൈസ്കൂൾ ക്ലാസുകളിലെ മുഴവൻസയൻസും രാമനറിയാമായിരുന്നു. മററു കുട്ടികൾ തങ്ങൾക്കുണ്ടാകുന്നസംശയങ്ങൾരാമനോടുചോദിക്കും. രാമൻ അപ്പഴപ്പോൾ ആ സംശയങ്ങൾ തീർത്തുകൊടുക്കും. രാമൻ സയൻസു് വെറുതെ മനഃപാഠം പഠിക്കുകയല്ല ചെയ്തതു്. എല്ലാ കാര്യങ്ങളും അയാൾ പരീക്ഷണങ്ങളിൽക്കൂടിയാണു പഠിച്ചതു്. കിട്ടുന്ന ശാസ്ത്രഗ്രന്ഥങ്ങളെല്ലാം ആ കുട്ടി അന്നു് വായിച്ചു തീർക്കുമായിരുന്നു.

ഇങ്ങനെ സയൻസിൽമാത്രം ശ്രദ്ധിച്ചുവന്ന രാമനിൽ പെട്ടെന്നു് ഒരു മാററമുണ്ടായി. സയൻസിലുള്ള അയാളുടെ താല്പര്യം കുറയുകയും പകരം മതത്തിലും മതഗ്രന്ഥങ്ങളിലും താല്പര്യം കൂടുകയും ചെയ്തു. രാമനെപെട്ടെന്നുമതത്തിലേക്കുതിരിച്ചുവിട്ടതു ''ആനീബസൻറു'' എന്ന യൂറോപ്യൻസ്ത്രീയാണു്. 'ആനീബസൻറു'' നമ്മുടെ ദേശീയ സമരത്തിൽ സാരമായ പങ്കു വഹിച്ചിട്ടുണ്ടു്. ഭാരതത്തെ മാതൃഭൂമിയായി തിരഞ്ഞെടുത്ത ഈ മഹതിയെ 'ഇൻഡ്യയുടെ വളർത്തുപുത്രി'

എന്നാണു വിളിച്ചുപോന്നതു്. ജന്മംകൊണ്ടു് ഹിന്ദുവല്ലെങ്കിലും ആനി ബെസൻറു് ഹിന്ദുമതത്തെപ്പററി നന്നായി പഠിച്ചു. ആ മതത്തെപ്പററി അവർ പല സ്ഥലങ്ങളിലും പ്രസംഗിച്ചു. ആ പ്രസംഗമാണു് രാമനെ മതത്തിലേക്കു കൂടുതൽ അടുപ്പിച്ചതു്. രാമായണം, ഭാരതം മുതലായ മതഗ്രന്ഥങ്ങൾ അയാൾ നന്നായി പഠിച്ചു. ഇവ രാമൻെറ മനസ്സിൽ നന്നായി പതിഞ്ഞു. ഈ പഠനം രാമനു പിന്നീടു് വളരെയേറെ പ്രയോജനപ്പെട്ടു. * 'ഇതിഹാസകവിത'യെക്കുറിച്ചു് ഒരിക്കൽ നടന്ന ഉപന്യാസമത്സരത്തിൽ രാമൻ പങ്കെടുത്തു. അതിൽ അയാൾ ഒന്നാംസമ്മാനം നേടി. നേരത്തെ രാമായണവും ഭാരതവും മററും നന്നായി പഠിച്ചിരുന്നതിനാലാണു് ഇതു സാധിച്ചതു്. രാമായണവും മഹാഭാരതവുംമററും നന്നായി പഠിച്ചിട്ടുള്ള ഒരാൾക്കല്ലാതെ ഇത്തരം നല്ല ഉപന്യാസം എഴുതുവാൻ സാധ്യമല്ലെന്നു പരിശോധകർ പറഞ്ഞു. വളരെ നല്ല ഉപന്യാസമെന്നു് അവർ അതിനെപ്പററി അഭിപ്രായപ്പെട്ടു.

എന്നാൽ മതത്തിലുള്ള ഈ താല്പര്യം രാമനിൽ അധികകാലം നീണ്ടുനിന്നില്ല. പെട്ടെന്നു് അയാൾ ശാസ്ത്രത്തിലേക്കു തിരിച്ചുപോന്നു. ജന്മവാസനയെ അധികകാലം അടക്കി നിർത്തുവാൻ ആരാലും സാധ്യമല്ലല്ലോ. രാമൻ വീണ്ടും ശാസ്ത്രചിന്തയിൽ മുഴുകി. കോളേജ് ക്ലാസുകളിൽ പഠിക്കുന്നവർപോലും വായിക്കാറില്ലാത്ത ശാസ്ത്രഗ്രന്ഥങ്ങൾ രാമൻ ഹൈസ്ക്കൂളിൽവച്ചുതന്നെ പഠിച്ചുതുടങ്ങി. ഈ കഠിനശ്രമം രാമനെ പെട്ടെന്നു രോഗിയാക്കി. ആ രോഗംമൂലം രാമൻ മരിച്ചുപോകുമോ എന്നുപോലും ആളുകൾ സംശയിച്ചു. ഈശ്വരാധീനമെന്നേ പറയേണ്ടു. രാമൻ രക്ഷപെട്ടു. രോഗക്കിടക്കയിലായിരുന്നപ്പോൾ ഒരു പരീക്ഷണം നടത്താൻ അയാൾ ആഗ്രഹിച്ചു. എന്നാൽ കിടക്കയിൽനിന്നു എഴുന്നേല്ക്കുവാൻ അടുത്തിരുന്ന അച്ഛൻ സമ്മതിച്ചില്ല. അപ്പോൾ അച്ഛനെക്കൊണ്ടു് രാമൻ ആ പരീക്ഷണം ചെയ്യിച്ചു. അച്ഛൻ നടത്തിയ പരീക്ഷണം വിജയിച്ചുകണ്ടപ്പോൾ രാമനു തൃപ്തിയായി. ഒരു നല്ല മകനും മകനുചേർന്ന അച്ഛനും!

സുഖക്കേടുമൂലം വളരെ ദിവസങ്ങൾ സ്കൂളിൽ പോകാതിരുന്നിട്ടും രാമൻ ആ വർഷത്തെ മെട്രിക്കുലേഷൻ പരീക്ഷയ്ക്കുചേർന്നു

---

* രാമായണം ഭാരതം തുടങ്ങിയ പുരാണകഥകൾ അടങ്ങിയ കവിത

നമ്മുടെ എസ്. എസ്. എൽ. സി. പരീക്ഷയ്ക്കു തുല്യമാണു് ആ പരീക്ഷ. അതിൽ രാമൻ ജയിച്ചു. അടുത്തവർഷം അവിടെത്തന്നെ പഠിച്ചു് രാമൻ ഇന്റർമീഡിയററു് പരീക്ഷ ജയിച്ചു. നല്ല മാർക്കു വാങ്ങിയാണു് ആ പരീക്ഷയിൽ അദ്ദേഹം ജയിച്ചതു്.

## 4. 'കലാശാലയിൽ'

രാമൻ ബി. എ. യ്ക്കു പഠിക്കുവാൻ മദ്രാസിലേക്കു പോയി. അവിടുത്തെ പ്രസിഡൻസികോളേജിൽ രാമൻ ചേർന്നു. ഇന്നു പ്രസിദ്ധരായ പല കലാകാരന്മാരും ശാസ്ത്രജ്ഞന്മാരും രാഷ്ട്രീയപ്രവർത്തകരും ആ കോളജിന്റെ സന്താനങ്ങളാണു്. ആ കോളജിലെ അദ്ധ്യാപകർ രാമനെ കൂടുതൽ ആകർഷിച്ചു. അവരെല്ലാം തങ്ങൾ പഠിപ്പിക്കുന്ന വിഷയങ്ങളിൽ പണ്ഡിതന്മാരായിരുന്നു. രാമൻ അദ്ധ്യാപകരെയും ആകർഷിച്ചു! 'വളരെ മിടുക്കനായ ഒരു കൊച്ചുകുട്ടി' എന്നാണു് അവർ രാമനെ മനസ്സിലാക്കിയതു്. ഇംഗ്ലീഷദ്ധ്യാപകനായ 'ഏലിയട്ടു്'' ക്ലാസിൽവച്ചു് രാമനുമായി നടത്തിയ സംഭാഷണം ആ കോളേജിലെങ്ങും പ്രസിദ്ധമായി. കോളജിലെ എല്ലാ കുട്ടികൾക്കും രാമൻ ഒരു സംസാരവിഷയമായി. അവരെല്ലാം ആ കൊച്ചുകുട്ടിയുടെ ബുദ്ധിസാമർത്ഥ്യത്തെ പുകഴ്ത്തി. നീണ്ടു വിടർന്ന കണ്ണുകളും വിശാലമായ നെററിയും ആ കുട്ടിയുടെ ബുദ്ധിസാമർത്ഥ്യത്തിന്റെ അടയാളങ്ങളായി അവർ കരുതി.

കോളേജിൽ ചേർന്നപ്പോൾ, ഏതു വിഷയമാണു് പ്രധാനമായി തിരഞ്ഞെടുക്കേണ്ടതു് എന്നു ചിന്തിക്കേണ്ട ആവശ്യമേ രാമനില്ലായിരുന്നു. കോളേജിൽ ഏതെങ്കിലും ഒരു വിഷയം പ്രധാനമായി പഠിക്കുവാനുള്ള സ്വാതന്ത്ര്യമുണ്ടു്. രാമൻ തനിക്കേററവും ഇഷ്ടമുള്ള ഊർജ്ജതന്ത്രം (ഫിസിക്സ്) പ്രധാനവിഷയമായി എടുക്കുന്നതിനു നേരത്തെ തീരുമാനിച്ചിരുന്നു. പക്ഷേ, അന്നത്തെ രീതിയിൽ ചരിത്രം പ്രധാന വിഷയമായി എടുക്കുകയാണു പലരും ചെയ്തതു്. കാരണം മത്സരപരീക്ഷകൾക്കു ചേർന്നു ജയിക്കുവാൻ ചരിത്രമാണു് കൂടുതൽ സഹായിക്കുന്നതു്. രാമനും ചരിത്രംതന്നെ പ്രധാ

നവിഷയമായി പഠിക്കണമെന്നാണ രാമന്റെ ബന്ധുക്കൾ ആഗ്രഹിച്ചതു്. ഒരിക്കൽ മാന്യനായ ഒരു ബന്ധു രാമനോടു് ഇങ്ങനെ പറഞ്ഞു:-

“നീ ഒരു നല്ല സക്കാരുദ്യോഗസ്ഥനായി കാണണമെന്നാണു് ഞങ്ങളുടെ ആഗ്രഹം. നമ്മുടെ കുടുംബത്തിൽ ഇന്നുവരെ സക്കാരുദ്യോഗസ്ഥന്മാർ ഉണ്ടായിട്ടില്ല ഉയന്ന ഉദ്യോഗം കിട്ടണമെങ്കിൽ മത്സരപ്പരീക്ഷകളിൽ ഉയന്നനിലയിൽ ജയിക്കണം. അതിനു് അധികം സഹായിക്കുന്നതു ചരിത്രമാണു്. അതുകൊണ്ടു് ബി. എ. യ്ക്കു ചരിത്രം പ്രധാനവിഷയമായി എടുക്കുവാൻ നീ ശ്രദ്ധിക്കണം”

ഈ വാക്കുകൾ രാമൻ മൂളിക്കേൾക്കുകമാത്രമാണു ചെയ്തതു്. തനിക്കേററം ബഹുമാനമുള്ള ഒരു ബന്ധുവാണു് തന്നോടുപദേശിച്ചതു്. അതിനാൽ അയാൾ മറുത്തൊന്നും പറഞ്ഞില്ല. എന്നാൽ തനിക്കേററം ഇഷ്ടമുള്ള ശാസ്ത്രത്തെ തള്ളിക്കളഞ്ഞിട്ടു് പകരം ചരിത്രം എടുക്കാൻ അയാളുടെ മനസ്സു് അനുവദിച്ചില്ല. അയാൾ ശാസ്ത്രംതന്നെ തിരഞ്ഞെടുക്കുവാൻ തീരുമാനിച്ചു. എന്തുവന്നാലും ഈ തീരുമാനത്തിൽ നിന്നും വിട്ടുമാറുന്നതല്ല എന്ന ഉറച്ച നിലപാടു് കണ്ടു ബന്ധുക്കൾ രാമനെ പിന്നീടുപദേശിക്കുവാൻ കൂട്ടാക്കിയില്ല.

കോളേജിൽ പഠിച്ചിരുന്ന കാലത്തും രാമൻ തന്റെ പഠിത്തത്തിൽ വലിയ സമത്ഥനായിരുന്നു. പ്രത്യേകിച്ചും ശാസ്ത്രവിഷയത്തിൽ. രാമൻ പലപ്പോഴും അദ്ധ്യാപകരുടെ മുറിയിൽ ചെന്നിരുന്നു് അവരോടു സംശയങ്ങൾ ചോദിക്കും. രാമനോടുള്ള വാത്സല്യം മൂലം ചില അദ്ധ്യാപകർ രാമനു് ചില സൗജന്യങ്ങൾ അനുവദിച്ചു. എല്ലാ പീര്യഡുകളിലും അയാൾ ക്ലാസിൽത്തന്നെ ഇരിക്കണമെന്നില്ലെന്നും കോളേജ് ലൈബ്രറിയിൽ പോയിരുന്നു പുസ്തകങ്ങൾ വായിക്കാമെന്നും അവർ പറഞ്ഞു. തനിക്കു കിട്ടിയ സ്വാതന്ത്ര്യം അയാൾ വേണ്ടവിധം ഉപയോഗിച്ചു. കിട്ടിയ സമയമെല്ലാം വായനയ്ക്കും പരീക്ഷണത്തിനുമായി അയാൾ ചെലവഴിച്ചു.

ആത്മാത്ഥതയോടെ പ്രവത്തിച്ചാൽ അതിനുതക്ക പ്രതിഫലം കിട്ടുമെന്നുറച്ചുകൊണ്ടു് രാമൻ നന്നായി പഠിച്ചു. അയാൾ

ബി. ഏ. പരീക്ഷയ്ക്കു് ഒന്നാംക്ലാസിൽ ജയിച്ചു. ആ പരീക്ഷയ്ക്കു് ഒന്നാംക്ലാസ് ഒരാൾക്കേ ഉണ്ടായിരുന്നുള്ളൂ. അതു രാമനായിരുന്നുതാനും. ആ വർഷത്തെ സർവ്വകലാശാലാമെഡലുകളിൽ രണ്ടെണ്ണം രാമനു ലഭിച്ചു. ഇങ്ങനെ രണ്ടുമെഡലുകൾ ഒന്നിച്ചു കിട്ടുക സാധാരണമല്ല.

ബി. എ. ജയിച്ചശേഷം രാമൻ ആ കോളജിൽതന്നെ ചേർന്ന് എം. എ. യ്ക്കു പഠിച്ചു. എം. എ. യുടെയും പ്രധാനവിഷയം ഊർജ്ജതന്ത്രം തന്നെയായിരുന്നു. ഇംഗ്ലീഷുഭാഷയിൽ കിട്ടാവുന്നശാസ്ത്രഗ്രന്ഥങ്ങൾ വായിച്ചു പഠിക്കുവാൻ ഈ സമയം രാമൻ ഉപയോഗിച്ചു. എം. ഏ. യ്ക്കു പഠിച്ചപ്പോഴും അദ്ധ്യാപകർ രാമനു് വളരെ സ്വാതന്ത്ര്യം അനുവദിച്ചിരുന്നു. എന്നാൽ തനിക്കു കിട്ടിയ സ്വാതന്ത്ര്യമെല്ലാം തന്റെ പഠനത്തിനുവേണ്ടി മാത്രമാണ് അയാൾ ഉപയോഗിച്ചതു്. ഈ കാലത്തു് കണക്കുശാസ്ത്രത്തിലെ പല മികച്ച ഗ്രന്ഥങ്ങളും രാമൻ പഠിച്ചു തീർത്തു. അതോടൊപ്പം തനിക്കാവശ്യമുള്ള മറ്റു ശാസ്ത്രഗ്രന്ഥങ്ങളും അയാൾ പഠിച്ചു. ഊർജ്ജതന്ത്രത്തിൽ രാമൻ ആഴമേറിയ അറിവു സമ്പാദിച്ചു.

ഈ അവസരത്തിലാണ് രാമനിൽ സ്വതന്ത്രമായ ശാസ്ത്രചിന്ത വളർന്നു വന്നതു്. ഇതിനു കാരണമായി ഒരു പ്രത്യേക സംഭവമുണ്ടായി. രാമൻ ത്രികോണാകൃതിയിലുള്ള ഒരു സ്ഫടികക്കട്ട ഉപയോഗിച്ചു് ഒരു പ്രത്യേക പരീക്ഷണം നടത്തുകയായിരുന്നു. അപ്പോൾസാധാരണമായി കാണാത്ത ഒരു പ്രത്യേകപ്രകാശം ആസ്ഫടികക്കട്ടയിൽക്കൂടി കണ്ടു. ആ പ്രകാശത്തെപ്പററിയും അതിന്റെ കാരണത്തെപ്പററിയും രാമൻ പല പുസ്തകങ്ങളിലും അന്വേഷിച്ചു. എങ്ങനിന്നും വിവരം കിട്ടിയില്ല. വീണ്ടും വീണ്ടും പരീക്ഷണം നടത്തിനോക്കി. അപ്പോഴെല്ലാം ആ പ്രകാശം കണ്ടു ചിന്തിച്ചു ചിന്തിച്ചു് ഒടുവിൽ ഒരു പ്രത്യേക പ്രകാശത്തിന്റെ കാരണം അയാൾ കണ്ടുപിടിച്ചു. ആ പ്രകാശത്തെക്കുറിച്ചും അതിന്റെ കാരണത്തെക്കുറിച്ചും രാമൻ ഒരു നീണ്ട ലേഖനമെഴുതി. പരിശോധിച്ചു കിട്ടുവാൻവേണ്ടി രാമൻ ആ ലേഖനം പ്രഫസറെ ഏല്പിച്ചു. വളരെയേറെ ജോലിത്തിരക്കുള്ള പ്രഫസർ ആ ലേഖനം വായിച്ചുനോ

ക്കുകയോ തിരുത്തിക്കൊടുക്കുകയോ ചെയ്തില്ല. രാമനാകട്ടെ പ്രഫസർ, തന്റെ ലേഖനം ഇന്നുതരും നാളെത്തരും എന്നോർത്തു ദിവസങ്ങൾ കഴിച്ചുകൂട്ടി. ഒടുവിൽ അയാൾ ക്ഷമയുടെ നെല്ലിപ്പലകവരെ എത്തി. തന്റെ ലേഖനം ഒന്നുകൂടി മാറി എഴുതണമെന്നുണ്ട് എന്നു പറഞ്ഞു് രാമൻ തന്റെ ലേഖനം പ്രഫസറോട്ട് ആവശ്യപ്പെട്ടു. പ്രഫസർ ലേഖനം തിരിച്ചുകൊടുത്തു. രാമനാകട്ടെ ഉടൻതന്നെ ആ ലേഖനം ഇംഗ്ലണ്ടിലെ മാസികയ്ക്കായി അയച്ചുകൊടുക്കുകയാണു ചെയ്തതു്. അവർ ആ ലേഖനം അതേപടി തങ്ങളുടെ മാസികയിൽ പ്രസിദ്ധപ്പെടുത്തി. അവരുടെ നോട്ടത്തിൽ അതു് ഒരു നല്ല ലേഖനമായിരുന്നു.

താൻ അയച്ചുകൊടുത്ത ലേഖനം മാസികയിൽ ആദ്യമായി അച്ചടിച്ചുകണ്ടപ്പോൾ രാമനുണ്ടായ സന്തോഷം വിവരിക്കുവാൻ സാദ്ധ്യമല്ല. അയാൾ ആനന്ദം കൊണ്ടു് മതിമറന്നു. ആദ്യത്തെ ലേഖനം നമ്മുടെ പേരിനോടു ചേർത്തു് അച്ചടിച്ചു കാണുമ്പോൾ ആരാണു് ആനന്ദിക്കാത്തതു്? വിശേഷിച്ചും ഒരു വിദേശമാസികയിലാണെങ്കിൽ?

അല്പം അഭിമാനത്തോടുകൂടിത്തന്നെ രാമൻ പ്രഫസറെ സമീപിച്ചു. അയാൾ പതിവിലധികം സന്തോഷിച്ചിരുന്നു. രാമന്റെ സന്തോഷത്തിന്റെ കാരണം പ്രഫസർ ചോദിച്ചു. ഒന്നും പറയാതെ രാമൻ തന്റെ കൈയിലിരുന്ന മാസിക പ്രഫസറെ ഏല്പിച്ചു. പ്രഫസർ പേജുകൾ മറിച്ചു. പല പ്രസിദ്ധ ശാസ്ത്രജ്ഞന്മാരുടെയും ലേഖനങ്ങൾ ആ മാസികയിലുണ്ടു്. ലേഖനങ്ങളുടെ പേരുകളും എഴുത്തുകാരുടെ പേരുകളും നോക്കിനോക്കിച്ചെന്നപ്പോൾ ഒരു ലേഖനത്തോടുചേർത്തു് 'സി. വി. രാമൻ' എന്നു് അച്ചടിച്ചിരിക്കുന്നതു പ്രഫസർ കണ്ടു. അദ്ദേഹം ആദ്യം അല്പം അമ്പരന്നു. ലേഖനം എന്തിനെക്കുറിച്ചെന്നു പ്രഫസർ നോക്കി. അപ്പോഴാണു് തിരുത്തിക്കിട്ടുവാൻ രാമൻ തന്നെഏല്പിച്ചിരുന്ന ലേഖനംതന്നെയാണതെന്നു് അദ്ദേഹത്തിനു മനസ്സിലായതു്. പ്രഫസർ അല്പം ഇളിഭ്യനായി.

'സാറിനോടു് തിരിച്ചുവാങ്ങിയ ലേഖനം ഞാൻ ഈ മാസികക്കാർക്കു് അയച്ചുകൊടുത്തു.' രാമനാണു് ആദ്യം സംഭാഷണം തുടങ്ങിയതു്. 'കൊള്ളാം' പ്രഫസർ രാമനെ അഭിനന്ദിച്ചു.

'അവർ അതു് അതേപടി പ്രസിദ്ധപ്പെടുത്തി' രാമൻ അല്പം അഭിമാനത്തോടെയാണു പറഞ്ഞതു്.

"വളരെ നന്നു്, ഇനിയും ഇതുപോലുള്ള നല്ല ലേഖനങ്ങൾ ധാരാളം എഴുതി പ്രസിദ്ധപ്പെടുത്തണം. മിടുക്കൻ. അന്നു് ആ ലേഖനം വായിച്ചുനോക്കി തിരുത്തിത്തരാത്തതിൽ വിഷമമുണ്ടോ?" പ്രൊഫസറുടെ വാക്കുകളായിരുന്നു ഇവ.

"ഇല്ല സാർ, സാറിനു സമയമില്ലാഞ്ഞിട്ടായിരുന്നുവെന്നെനിക്കറിയാം" രാമൻ ചിരിച്ചുകൊണ്ടു് അദ്ധ്യാപകനോടു വിടവാങ്ങി. പ്രൊഫസർ 'ജോൺസ്' എന്ന ആ ശാസ്ത്രാദ്ധ്യാപകൻ രാമനിൽ വളർന്നുവരുന്ന ഒരു നല്ല ശാസ്ത്രജ്ഞനെ അന്നു കണ്ടു. അതിൽ അദ്ദേഹം അഭിമാനിച്ചു. ഒരു ശിഷ്യന്റെ ഉയർച്ചയിൽ ഏതദ്ധ്യാപകനാണു് അഭിമാനിക്കാത്തതു്!

അധികം താമസിയാതെ മറെറാരു സംഭവമുണ്ടായി. 'അപ്പുറാവു' എന്ന പേരുള്ള ഒരു കൂട്ടുകാരൻ രാമനുണ്ടായിരുന്നു. അപ്പുറാവു പ്രകാശത്തെപ്പററിയുള്ള ഒരു പരീക്ഷണം നടത്തുകയായിരുന്നു. അയാൾക്കു് ഒരു സംശയം തോന്നി. തനിക്കുണ്ടായ സംശയത്തെപ്പററി 'റാവു' രാമനോടും പ്രൊഫസറോടും പറഞ്ഞു. പ്രൊഫസർക്കും രാമനും ആ സംശയം തീർക്കുവാൻ അപ്പോൾ കഴിഞ്ഞില്ല. 'പിന്നീടു പറയാം' എന്നു പറഞ്ഞു് പ്രൊഫസർ ഒഴിഞ്ഞുമാറി. സമയക്കുറവുമൂലം അദ്ദേഹം അതിനെപ്പററി പിന്നീടു് ചിന്തിച്ചതേ ഇല്ല. രാമനാകട്ടെ റാവുവിനുണ്ടായ സംശയത്തെപ്പററി ചിന്തിച്ചുതുടങ്ങി. ചിന്തിച്ചു് ചിന്തിച്ചു് അയാൾ ഉത്തരം കണ്ടുപിടിച്ചു. തന്റെ ഉത്തരം രാമൻ റാവുവിനേയും പ്രൊഫസറേയും ധരിപ്പിച്ചു. പ്രൊഫസർ, രാമന്റെ ഉത്തരം ശരിയെന്നു സമ്മതിച്ചു. ഇവിടെ പ്രൊഫസർ തോററിടത്തു് രാമൻ ജയിക്കയാണു് ചെയ്തതു്. ഈ സത്യം മനസ്സിലാക്കിയ റാവു തന്റെ കൂട്ടുകാരനെ കൂടുതൽ ബഹുമാനിച്ചുതുടങ്ങി.

ഈ സംശയത്തേയും അതിന്റെ ഉത്തരത്തേയും വിവരിക്കുന്ന ഒരു ലേഖനം വീണ്ടും രാമൻ എഴുതി. അതു് രാമന്റെ രണ്ടാമ

ത്തെ ശാസ്ത്രീയ ലേഖനമായിരുന്നു. ഈ ലേഖനം ഇംഗ്ലണ്ടിലെ മറെറാരു മാസികയ്ക്കയച്ചുകൊടുത്തു. അന്നു് ഇൻഡ്യയിൽ ശാസ്ത്ര മാസികകൾ ഇല്ലായിരുന്നതിനാലാണു് അദ്ദേഹം ലേഖനങ്ങളെല്ലാം ഇംഗ്ലണ്ടിലെ മാസികകൾക്കയച്ചതു്. തൻെറ രണ്ടാമത്തെ ലേഖനവും പ്രസിദ്ധീകരിച്ചതു കണ്ടു രാമൻ സന്തോഷിച്ചു. ഇതോടെ ലേഖനമെഴുതുവാനുള്ള തൻേറടം രാമനിൽ വേരൂന്നി. പിന്നീടു് തുടർച്ചയായി രാമൻ പല ലേഖനങ്ങളുമെഴുതി. അവയെല്ലാം മാസികകളിൽ പ്രസിദ്ധീകരിച്ചു. ഭാവിയിൽ രാമൻ ഒന്നാംകിടയിലുള്ള ഒരു ശാസ്ത്രജ്ഞനായിത്തീരുമെന്നു് ആ ലേഖനങ്ങൾ വായിച്ചവരെല്ലാം അഭിപ്രായപ്പെട്ടു.

ഇങ്ങനെ ലേഖനമെഴുത്തിലും പരീക്ഷണങ്ങളിലും രാമൻ തുടർച്ചയായി ഏർപ്പെട്ടു. എന്നാൽ ഇതൊന്നും അയാളുടെ പഠനത്തെ ബാധിച്ചില്ല. മറിച്ചു് സഹായിക്കുകയാണു് ചെയ്തതു്. പരീക്ഷയ്ക്കു വേണ്ടി രാമൻ പാഠങ്ങളെല്ലാം താല്പര്യത്തോടെ പഠിച്ചു. ഒന്നും വിട്ടുകളഞ്ഞില്ല. ആഴും പഠിത്തം പിന്നെ ഗവേഷണം ഇതായിരുന്നു രാമൻെറ അപ്പോഴത്തെ നില.

തൻെറ പതിനെട്ടാമത്തെ വയസ്സിൽ രാമൻ എം. എ. പരീക്ഷയ്ക്കു് എഴുതി. ഉദ്ദേശിച്ചിരുന്ന ഫലംതന്നെ കിട്ടി. രാമൻ ആ പരീക്ഷയിൽ ഒന്നാംക്ലാസിൽ ഒന്നാമനായിട്ടു ജയിച്ചു. ഇതോടെ രാമൻ തൻെറ കലാശാലാ വിദ്യാഭ്യാസം അവസാനിപ്പിച്ചു.

## 5· 'ഒരു കനത്ത അടി'

എം. എ പരീക്ഷയിൽ ഒന്നാംക്ലാസിൽ ജയിച്ച രാമനെ ഇംഗ്ലണ്ടിൽ അയച്ചു് കൂടുതൽ പഠിപ്പിക്കണമെന്നു് അയാളുടെ അദ്ധ്യാപകർ ആഗ്രഹിച്ചു. ശാസ്ത്രാദ്ധ്യാപകനായിരുന്ന ഡാക്ടർ ജോൺസിനായിരുന്നു ഇതിൽ കൂടുതൽ താൽപര്യം. തട്ടാനല്ലേ തങ്കത്തിൻെറ മാറററിയൂ! ശാസ്ത്രജ്ഞനായിരുന്ന ജോൺസിനു മാത്രമേ രാമനിൽ വളർന്നുവരുന്ന ശാസ്ത്രജ്ഞനെ കാണാൻ കഴിയുകയുള്ളൂ

---

* പരീക്ഷണങ്ങളിൽക്കൂടിയുള്ള അന്വേഷണം.

അതിനാൽ സക്കാരിന്റെ സഹായത്തോടുകൂടി രാമനെ ഇംഗ്ളണ്ടിലയച്ചു പഠിപ്പിക്കുവാനുള്ള ഏർപ്പാടുകളെല്ലാം ജോൺസ് പൂത്തിയാക്കി. രാമനു് ഈ ഭാഗ്യം വന്നുചേന്നതിൽ ബന്ധുക്കളെല്ലാം സന്തോഷിച്ചു. രാമനും ഇംഗ്ളണ്ടിൽ പോകുവാൻ അധികം ആഗ്രഹിച്ചു.

മനുഷ്യർ വിചാരിക്കുന്നതുപോലെ എല്ലാ കാര്യങ്ങളും നടക്കാറില്ല. ഈശ്വരനിശ്ചയമേ നടക്കുകയുള്ളു. രാമൻ യൂറോപ്പിലേക്കു പോകുന്നതിനുള്ള ഒരുക്കങ്ങളെല്ലാം പൂത്തിയായി. എന്നാൽ നിയവിലുള്ള നിയമമനുസരിച്ചു് ദേഹപരിശോധനകൂടി നടക്കേണ്ടതുണ്ടു്. പക്ഷേ, ഈ ദേഹപരിശോധന സാധാരണരീതിയിൽ ഒരു ചടങ്ങുമാത്രമാണു്. എത്ര വലിയ സുഖക്കേടുള്ളവനും ഡാക്ടർമാർ ചിലപ്പോൾ സർട്ടിഫിക്കററു് കൊടുക്കാറുണ്ടു്. രാമനെ ദേഹപരിശോധനയിൽ തള്ളിക്കളയുമെന്നു് ആരും കരുതിയില്ല. കാരണം രാമനിൽ രോഗങ്ങളൊന്നും കാണപ്പെട്ടിരുന്നില്ല.

നിശ്ചയിക്കപ്പെട്ട ദിവസം ദേഹപരിശോധനയ്ക്കായി രാമൻ ഡാക്ടരുടെ അടുത്തുചെന്നു. ഒരു യൂറോപ്യൻ ഡാക്ടറാണു് പരിശോധന നടത്തിയതു്. ഡാക്ടർ പൂണ്ണമായ രീതിയിൽത്തന്നെ പരിശോധന നടത്തി. പരിശോധനയ്ക്കുശേഷം ഡാക്ടർ അല്പം ഗൗരവത്തോടെ ഇങ്ങനെ പറഞ്ഞു:– "ഇംഗ്ലണ്ടിൽ വലിയ തണുപ്പുണ്ടു്. ആ തണുപ്പു സഹിക്കുവാനുള്ള കെൽപ്പു് നിന്റെ ശരീരത്തിനില്ല. ഇംഗ്ലണ്ടിൽ പോയാൽ നീ ചിലപ്പോൾ ജീവനോടെ തിരിച്ചു വരികയില്ല. അച്ഛനമ്മമാരുടെ അടുക്കൽ കിടന്നു മരിച്ചാൽ കൊള്ളാമെന്നു് നിനക്കാഗ്രഹമില്ലേ? ഏതായാലും ഈ യാത്രയ്ക്കു ഞാൻ അനുവദിക്കുകയില്ല."

ഈ വാക്കുകൾ രാമനെ ഞെട്ടിച്ചു. അയാൾക്കു് ഇതൊരു കനത്ത അടിയായിരുന്നു. രാമന്റെ പ്രതീക്ഷകളെല്ലാം ഇതോടെ തകന്നുവീണു. അയാൾ വിളറിയ മുഖത്തോടെ ഡാക്ടരുടെ മുറിയിൽ നിന്നിറങ്ങി. നേരെ ജോൺസന്റെ അടുക്കലേക്കാണു് രാമൻ പോയതു്.

അപ്പോഴം ജോൺസു് രാമനെ യൂറോപ്പിലയയ്ക്കുന്ന കാര്യങ്ങളെക്കുറിച്ചു് പലതും ചിന്തിച്ചു കഴിയുകയായിരുന്നു. "ഇന്നു രാമനു ഡാക്ടരുടെ സർട്ടിഫിക്കററു കിട്ടും. ഈ ആഴ്ചയിൽത്തന്നെ അയാളെ ഇംഗ്ലണ്ടിലേക്കു് അയയ്ക്കണം. രാമൻ ലണ്ടനിൽ ചെന്നാൽ താമസിക്കേണ്ട സ്ഥലം ഏതാണു്? ഏതു ലൈബ്രറിയാണു് അയാൾക്കു കൂടുതൽ ഉപകാരപ്പെടുന്നതു്?" എന്നൊക്കെയായിരുന്നിരിക്കണം ജോൺസിൻെറ അപ്പോഴത്തെ ചിന്ത.

രാമൻ ദൂരെനിന്നും നടന്നു് അടുത്തടുത്തു വരുന്നതു് ജോൺസ് കണ്ടു. രാമൻെറ മുഖം കണ്ടപ്പോഴെ എന്തോ പന്തികേടുണ്ടെന്നു ജോൺസ് തീരുമാനിച്ചു.

"ഡോക്ടറുടെ അടുക്കൽ പോയില്ലേ? സർട്ടിഫിക്കററ് കിട്ടിയോ?" ജോൺസ് ചോദിച്ചു.

"ഇല്ല സാർ, ഡാക്ടർ സമ്മതിച്ചില്ല." രാമൻ സങ്കടത്തോടെ പറഞ്ഞു. ജോൺസ് ആകെ വിഷമിച്ചു. രാമൻ, ഡാക്ടർ പറഞ്ഞ വിവരമെല്ലാം ജോൺസിനെ ധരിപ്പിച്ചു.

"ശരിയാണു്, ഇംഗ്ലണ്ടിൽ വലിയ തണുപ്പുണ്ടു്. ശരീരസ്ഥിതി മോശമാണെങ്കിൽ പോകുവാൻ നിവൃത്തിയില്ല. എല്ലാം ദൈവം നന്മയ്ക്കായി ചെയ്യുന്നു." എന്നു പറഞ്ഞു ജോൺസ് രാമനെ സമാധാനിപ്പിച്ചു. എന്നാൽ ഇതു പറയുമ്പോഴും ജോൺസിൻെറ ഹൃദയം നീറുന്നുണ്ടായിരുന്നു. അദ്ദേഹം തൻെറ ഹൃദയവേദനമറച്ചുവച്ചുകൊണ്ടു് വീണ്ടും പറഞ്ഞു. "മിസ്റ്റർ രാമൻ, താൻ വിഷമിക്കേണ്ട. ഇപ്പോൾ തനിക്കു് ഇംഗ്ലണ്ടിൽ പോകുവാൻ സാധിച്ചില്ലെങ്കിൽ സാരമില്ല. ദൈവം അനുവദിച്ചാൽ പിന്നീടു പോകാം. പഠിച്ചതൊന്നും മറക്കാതിരുന്നാൽ മതി. ദൈവം തന്നെ അനുഗ്രഹിക്കും" ഗുരുവിൻെറ ഈ വാക്കുകൾ രാമൻ കേൾക്കുകമാത്രം ചെയ്തു. അയാൾ ഒന്നും പറഞ്ഞില്ല. "ഒട്ടും വിഷമിക്കേണ്ട." എന്നു പറഞ്ഞു് ജോൺസു് തൻെറ ശിഷ്യൻെറ തോളിൽ തടവിയിട്ടു് അയാളെ യാത്രയാക്കി. രാമൻ നിറഞ്ഞ കണ്ണുകളോടെ ഗുരുവിനോടു് വിടവാങ്ങി.

"ദേഹപരിശോധനയിൽ രാമൻ തള്ളപ്പെട്ടു. അതുകൊണ്ടു് അയാൾക്കു യൂറോപ്പിൽ പോകുന്നതിനു സാധിച്ചില്ല." എന്ന വാർത്ത ജോൺസ് പറഞ്ഞു് മററദ്ധ്യാപകരും അറിഞ്ഞു. അവരെല്ലാം "പാവം രാമൻ! അയാളുടെ ഭാഗ്യദോഷം!" എന്നു പറഞ്ഞു് സഹതപിച്ചു. ഈ വാർത്ത അദ്ധ്യാപകരെ മാത്രമല്ല രാമൻെറ ബന്ധുക്കളെയും വേദനിപ്പിച്ചു. "ഇനി രാമൻ എന്തുചെയ്യും!" അവർ പരസ്പരം ചോദിച്ചുതുടങ്ങി. ഇടറിയ തൊണ്ടയോടെയാണ് അവർ ചോദിച്ചതു്. പക്ഷെ, ആർക്കും ആ ചോദ്യത്തിനുത്തരം കാണാൻ സാധിച്ചില്ല. രാമൻ ഒരു വക്കീലോ അദ്ധ്യാപകനോ ആകുമെന്നു ചിലർ കരുതി. എന്നാൽ അതിലൊന്നിലും രാമൻെറ മനസ്സ് ചെന്നില്ല. ഒരു ശാസ്ത്രജ്ഞൻ ആകണമെന്നതു മാത്രമായിരുന്നു അയാളുടെ ആഗ്രഹം. യൂറോപ്പിൽ പോകാൻ സാധിക്കാത്തതിൽ അയാൾ സങ്കടപ്പെട്ടു.

## 6. "വാതിൽ തുറന്നു."

എന്തിനാണ് നമ്മൾ വിഷമിച്ചു പഠിപ്പിക്കുന്നതു്? ചില മാതാപിതാക്കൾ വസ്തു വിററും തങ്ങളുടെ കുട്ടികളെ പഠിപ്പിക്കുന്നതു് എന്തിനാണ്? ഇതിൻെറയെല്ലാം പ്രധാന ലക്ഷ്യം ഒരു നല്ല ഉദ്യോഗമാണ്. വിദ്യാഭ്യാസത്തിന് പല ലക്ഷ്യങ്ങളുമുണ്ടു്. പക്ഷെ, ഏതെങ്കിലും പരീക്ഷ ജയിച്ചാൽ ഒരു നല്ല ഉദ്യോഗം കിട്ടണമെന്നാണ് പലരുടെയും ആഗ്രഹം. നല്ല ഉദ്യോഗം കിട്ടിയില്ലെങ്കിൽ അവർ വിഷമിക്കാറുണ്ടു്.

രാമൻ അന്നത്തെ ഏററവും ഉയന്ന പരീക്ഷ ജയിച്ചു. ജയിച്ചതോ ഒന്നാംക്ലാസിൽ ഒന്നാമനായിട്ടു്. ഉടനെ യൂറോപ്പിൽ പോയി വീണ്ടും പഠിക്കാമെന്ന് അയാൾ ആശിച്ചു. ആശകൾ തകർന്നുപോയി. ഇംഗ്ലണ്ടിൽ പോയി തിരിച്ചുവന്നാൽ ഒരു നല്ല ഉദ്യോഗത്തിനു വിഷമിക്കേണ്ടിവരികയില്ല. ഈ സത്യം രാമന് അറിയാമായിരുന്നു. പക്ഷെ ഈശ്വരനിശ്ചയം എങ്ങനെ മാറും? ഒരു നല്ല ഉദ്യോഗത്തിനുള്ള വാതിൽ അടഞ്ഞുപോയതിൽ അയാൾ സങ്കടപ്പെട്ടു. രാമൻെറ ബന്ധുക്കളെല്ലാം ഇതിൽ ദുഃഖിച്ചു. പക്ഷെ ഈ ദുഃഖം

അധികം നീണ്ടുനിന്നില്ല. ദൈവം മറെറാരു വാതിൽ തുറന്നുകൊടുത്തു. നാം ഒന്നു ചിന്തിക്കുമ്പോൾ ഈശ്വരൻ മറെറാന്നു ചിന്തിക്കുന്നു.

ഉയന്ന നിലയിലുള്ള സക്കാരുദ്യോഗം കിട്ടുവാൻ ആ കാലത്തു് രണ്ടു വഴികളാണുണ്ടായിരുന്നതു്. ഒന്നു്, ഇംഗ്ലണ്ടിൽ പോയി പഠിച്ചു് ഏതെങ്കിലും ഉയന്ന ബിരുദം നേടുക; രാമൻെറ ഭാഗ്യദോഷത്താൽ അതു സാധിക്കാതെ വന്നു. സക്കാരിൽനിന്നും നടത്തുന്ന മത്സരപ്പരീക്ഷകൾക്കു ചേന്നു് നല്ല നിലയിൽ ജയിക്കുകയെന്നതായിരുന്നു മറെറാരുവഴി. ചരിത്രവും മററും പ്രധാനവിഷയമായി പഠിച്ചവരാണു് ഇത്തരം മത്സരപ്പരീക്ഷകളിൽ കൂടുതൽ മാക്കു വാങ്ങി ജയിക്കാറുള്ളതു്.

അന്നത്തെ സക്കാർ ഒരു മത്സരപ്പരീക്ഷ നടത്തുവാൻ പോകുന്ന വിവരം രാമൻ അറിഞ്ഞു. 'ഒരു ശാസ്ത്രജ്ഞനാകുവാൻ വഴിയെന്തു്?' എന്നുമാത്രം ചിന്തിച്ചു കഴിഞ്ഞുകൂടിയിരുന്ന രാമൻ ഈ പരീക്ഷയെപ്പററി ആദ്യമൊന്നും ഗൗനിച്ചില്ല. എന്നാൽ ബന്ധുക്കളും സ്നേഹിതന്മാരും ഈ മത്സരപ്പരീക്ഷയിൽ ചേരുവാൻ രാമനെ നിർബന്ധിച്ചു. അതിനാൽ ഈ പരീക്ഷയ്ക്കു ചേരുവാൻ അയാൾ തീരുമാനിച്ചു.

എം. എ. പരീക്ഷ കഴിഞ്ഞു് അധികം താമസിക്കാതെതന്നെ മത്സരപ്പരീക്ഷയ്ക്കും രാമനു പഠിക്കേണ്ടിവന്നു. എം. എ. യ്ക്കു പഠിച്ച ക്ഷീണം തീരുംമുമ്പു് പുതിയ പരീക്ഷയ്ക്കു ചേരുവാൻ അയാൾ ഒരുങ്ങി. മത്സരപ്പരീക്ഷ, രാമനെ സംബന്ധിച്ചു് ഒരു ബുദ്ധിമുട്ടായിരുന്നു. താൻ അധികം പഠിച്ചിട്ടില്ലാത്ത പല വിഷയങ്ങളും അയാൾക്കു നന്നായി പഠിക്കേണ്ടിവന്നു. ചരിത്രം, സംസ്കൃതം ധനതത്വശാസ്ത്രം മുതലായ വിഷയങ്ങളൊന്നും രാമനു് അധികം അറിഞ്ഞുകൂടായിരുന്നു. ആ വിഷയങ്ങളിലെല്ലാം നല്ല അറിവുള്ളവക്കു മാത്രമേമത്സരപ്പരീക്ഷകളിൽ ജയിക്കുവാൻ കഴിഞ്ഞിരുന്നുള്ളു. പഠിക്കുവാൻ കഷ്ടിച്ചു് ഒരുമാസം മാത്രമേ ബാക്കിയുള്ളു. ഇത്രയും ചുരുങ്ങിയ സമയത്തിനുള്ളിൽ ഈ വിഷയങ്ങളെല്ലാം നന്നായി പഠിച്ചു് പരീക്ഷയ്ക്കു ചേന്നു ജയിക്കുവാൻ സാധിക്കുമോ എന്നു് രാമൻ

ആദ്യം സംശയിച്ചു. ഏതായാലും ഒരു കഠിനശ്രമംതന്നെ നടത്തിനോക്കാം എന്നയാൾ തീരുമാനിച്ചു. ഇതിന്നു രാമനെ പ്രേഷ്പിച്ച മറെറാരു കാരണമുണ്ടു്.

എം. എ. പരീക്ഷയ്ക്കു താൻ ഒന്നാമതായി ജയിച്ചുവെന്നു് രാമൻ നേരത്തെ അറിഞ്ഞു. പക്ഷെ താൻ ഒന്നാംക്ലാസിലാണു് ജയിച്ചതെന്നു് അയാൾ അറിഞ്ഞിരുന്നില്ല. കാരണം അന്നുവരെ മദ്രാസ് സർവ്വകലാശാലയിൽനിന്നും എം. എ. പരീക്ഷയ്ക്കു് രാ ൻ ചേർന്നിരുന്ന വിഷയത്തിനു് ആരും ഒന്നാംക്ലാസിൽ ജയിച്ച ല്ല.

ഒരു ദിവസം രാവിലെ ഒരു കമ്പിസന്ദേശവുമായി ഒരാൾ വീട്ടിൽ വന്നു. സർവ്വകലാശാലക്കാർ അയച്ചതാണു് കമ്പിയെന്നു രാമൻ മനസ്സിലാക്കി. കവർ തുറന്നു കമ്പി വായിച്ചപ്പോഴാണു താൻ ഒന്നാംക്ലാസിലാണു ജയിച്ചതെന്നു രാമൻ അറിഞ്ഞതു്. ഒന്നാംക്ലാസിൽ ഒന്നാമനായി ജയിച്ചതിനുള്ള അഭിനന്ദനമായിരുന്നു കമ്പിയിൽ. ഓർത്തിരിക്കാത്ത ഈ വിഷയം രാമനെ അധികം സന്തോഷിപ്പിച്ചു. ആ സർവ്വകലാശാലയുടെ ചരിത്രത്തിൽ രാമൻ ചേർന്നിരുന്ന പരീക്ഷയ്ക്കു് ഇത്തരമൊരു വിജയം ആദ്യത്തേതാണു്. ഈ വിജയത്തിൽ രാമൻ അഭിമാനിച്ചു. പക്ഷെ അതുകൊണ്ടു് അയാൾ അലസനായില്ല. രാമൻ മറെറാരു തീരുമാനമെടുത്തു. മററാരും ഇതിനുമുമ്പു് സാധിച്ചിട്ടില്ലാത്ത ഒരു വൻകാര്യം താൻ സാധിച്ചെങ്കിൽ തനിക്കു ഒരിടത്തും തോൽക്കേണ്ടിവരികയില്ലെന്നു് അയാൾ വിചാരിച്ചു. ശ്രമിച്ചാൽ അടുത്തുവരുന്ന മത്സരപ്പരീക്ഷയിൽ ഒന്നാമനായിത്തന്നെ ജയിക്കുവാൻ സാധിക്കുമെന്നു് രാമനുറച്ചു.

പരീക്ഷയ്ക്കുവേണ്ടി രാമൻ വളരെ ബുദ്ധിമുട്ടി. തനിക്കറിഞ്ഞുകൂടാത്ത വിഷയങ്ങൾ ക്ലേശിച്ചു പഠിച്ചു. ഊണിലും ഉറക്കത്തിലും രാമനു താല്പര്യം കുറഞ്ഞു. വായനതന്നെ വായന. കാണാതെ പഠിക്കുവാനുള്ളതെല്ലാം അപ്രകാരം പഠിച്ചു. ചിലതെല്ലാം എഴുതിയും പഠിച്ചു. പഠിച്ചു പഠിച്ചു് രാമൻ ഒരു രോഗിയാകുമോ എന്നുപോലും വീട്ടുകാർ സംശയിച്ചു. ഒരുമാസക്കാലംകൊണ്ടു രാമന്റെ ശരരം വളരെ ക്ഷീണിച്ചു. ഈ ബുദ്ധിമുട്ടെല്ലാം ഒരു സന്തോഷത്തിന്റെ

ആരംഭമാണ്. രാമൻ മത്സരപ്പരീക്ഷയ്ക്കെഴുതി. താൻ നന്നായിട്ട് എഴുതിയിട്ടുണ്ടെന്ന് അയാൾ വിശ്വസിച്ചു. ആ വിശ്വാസം ശരിയായിരുന്നു. താമസിയാതെ പരീക്ഷാഫലം പുറത്തുവന്നു. ഒന്നാമതായി ജയിച്ചതു് രാമൻതന്നെ. രാമനു തൃപ്തിയായി. ബന്ധുജനങ്ങൾ രാമന്റെ സാമർത്ഥ്യത്തിൽ അഭിമാനിച്ചു. ഇതോടെ ഒരു നല്ല സർക്കാരുദ്യോഗത്തിനുള്ള വാതിൽ രാമനു തുറന്നു കിട്ടി.

## 7. "വിവാഹം"

ഇതുവരെ രാമൻ വിവാഹം ചെയ്തില്ല എന്നതു് ആശ്ചര്യകരമാണ്. കാരണം ആ കാലത്തു് ശൈശവ വിവാഹം അത്ര സാധാരമായിരുന്നു. ബ്രാഹ്മണരുടെ ഇടയിൽ പ്രത്യേകിച്ചും. അന്ന് പത്തു പന്ത്രണ്ടു വയസ്സാകുമ്പോഴേക്ക് ആൺകുട്ടികളും എട്ടുപത്തുവയസ്സാകുന്നതിനുമുമ്പ് പെൺകുട്ടികളും വിവാഹത്തിൽ ഏർപ്പെട്ടു കഴിയും. ആ പ്രായത്തിൽ രാമനും ചില കല്യാണാലോചനകൾ വന്നു. വിവാഹം പഠിത്തത്തിനു തടസ്സം ചെയ്യുമെന്നു കരുതി ആദ്യമാദ്യം വന്ന കല്യാണാലോചനകളെല്ലാം ചന്ദ്രശേഖരയ്യർ തള്ളിക്കളഞ്ഞു. സ്വന്തംകാലിൽ നില്ക്കാൻ ത്രാണി ഉണ്ടായിട്ടു മാത്രം വിവാഹം ചെയ്യുന്നതിലായിരുന്നു രാമനും കൂടുതൽ താല്പര്യം.

ഇന്നു രാമൻ എം. എ. ക്കാരനാണ്. ഒരുനല്ല സർക്കാരുദ്യോഗം പടിവാതില്ക്കൽ കാത്തുനില്ക്കുന്നു. രാമൻ വിവാഹത്തിന് ഒരുക്കമുള്ളവനാണ്. രാമനെക്കൊണ്ടു് തങ്ങളുടെ മകളെ വിവാഹം ചെയ്യിക്കണമെന്ന് പല അച്ഛനമ്മമാരും ആഗ്രഹിച്ചു. പല സ്ഥലത്തുനിന്നും ആലോചനകൾവന്നു. പക്ഷേ,അവയിലൊന്നും രാമന് ഇഷ്ടമായില്ല. സമ്പത്തുണ്ടെങ്കിൽ സൌന്ദര്യമില്ല. സൌന്ദര്യവും സമ്പത്തുമുണ്ടെങ്കിൽ വിദ്യാഭ്യാസമില്ല. വേണ്ടത്ര വിദ്യാഭ്യാസമുണ്ടെങ്കിൽ സമ്പത്തൊട്ടുമില്ല. ഇങ്ങനെ ഓരോ ആലോചനയ്ക്കും ഓരോ കുഴപ്പം കണ്ടു.

ഒടുവിൽ, രാമന്റെ മനസ്സിനിണങ്ങിയ ഒരാലോചന വന്നുചേർന്നു. "സുന്ദരാംബാൾ" എന്നാണ് വധുവിന്റെ പേരു്. പേരുപോലെതന്നെ അവൾ സുന്ദരിയാണ്, ആവശ്യത്തിനു് വിദ്യാഭ്യാസവും സ

മ്പത്തും ആ പെൺകുട്ടിക്കുണ്ടു്. രാമൻ ഈ ആലോചനയിൽ തൃപ്തനായി. ചന്ദ്രശേഖരയ്യർക്കും ആ പെൺകുട്ടിയെ ഇഷ്ടപ്പെട്ടു.

പക്ഷേ, ആ വിവാഹത്തിനു് ബന്ധുക്കൾ ഇഷ്ടപ്പെട്ടില്ല. രാമനും സുന്ദരാംബാളും ബ്രാഹ്മണസമുദായത്തിൽ പെട്ടവരാണെങ്കിലും രണ്ടു പേരും അതിലെ രണ്ടു വിഭാഗങ്ങളിൽ പെട്ടവരാണു്. ബ്രാഹ്മണരുടെ ഇടയിൽത്തന്നെ ചെറിയ ചെറിയ പിരിവുകൾ ഉണ്ടു്. ഈ വിഭാഗക്കാർ തമ്മിൽ വിവാഹത്തിൽ ഏർപ്പെടാറില്ല. ഇന്നും ഈ അവസ്ഥയ്ക്കു വലിയ മാററമില്ല. അന്നു് ഇതൊട്ടും പതിവില്ലായിരുന്നു. അതിനാൽ ഈ വിവാഹത്തിനു് ബന്ധുക്കളാരും സമ്മതിച്ചില്ല. അവർ പ്രധാനമായി ജാതിയും കുലവും നോക്കുന്നവരാണല്ലോ. സുന്ദരാംബാളിന്റെ അച്ഛനു് ഈ വിവാഹത്തിൽ ആദ്യം താല്പര്യമുണ്ടായിരുന്നു. എന്നാൽ ബന്ധുക്കൾ എതിരാണെന്നു കണ്ടപ്പോൾ അയാൾ ഈ ആലോചന ഉപേക്ഷിച്ചു കളഞ്ഞു. എന്നാൽ അമ്മ ഈ വിവാഹം തന്നെ നടത്തണമെന്നാഗ്രഹിച്ചു. കാരണം അമ്മമാർ പൊതുവിൽ ആഗ്രഹിക്കുന്നതു് തങ്ങളുടെ പെൺകുട്ടികളുടെ ഭർത്താക്കന്മാർ ധനികരായിരിക്കണമെന്നാണു്. നല്ല നിലയിലുള്ള ഒരു സർക്കാരുദ്യോഗത്തിലേക്കു കാലൂന്നി നില്ക്കുന്ന രാമനെ തന്റെ മകളുടെ ഭർത്താവായിക്കിട്ടണമെന്നു് ആ അമ്മ ആഗ്രഹിച്ചതിൽ ആശ്ചര്യപ്പെടുവാനില്ല. ജാതിയുടെ പേരിലുള്ള മുള്ളുവേലികൾ പൊളിച്ചു മാററണമെന്നും ഈ വിവാഹം തന്നെ നടത്തണമെന്നും ആ സ്ത്രീ ഭർത്താവിനോടു പറഞ്ഞു. ഭർത്താവു് ഒടുവിൽ ഭാര്യയുടെ ഇഷ്ടത്തിനു വഴങ്ങി. സുന്ദരാംബാളിനും ഈ വിവാഹത്തിൽ താല്പര്യമായിരുന്നു. പെൺകുട്ടികൾ അന്വേഷിക്കാറുള്ളതു് വരന്റെ സൗന്ദര്യത്തെക്കുറിച്ചാണു്. രാമൻ കാഴ്ചയിൽ സുന്ദരനായിരുന്നു.

ബന്ധുക്കൾ എതിർത്തെങ്കിലും വിവാഹം നടന്നു. പഴമക്കാരായ ബന്ധുക്കളാരും ഇതിൽ സഹകരിച്ചില്ല. എന്നാൽ പഴയ ആചാരങ്ങൾ ഉപേക്ഷിക്കണം എന്ന ആശയക്കാരും ബന്ധുക്കളിലുണ്ടായിരുന്നു. അവർ ഇതിൽ പങ്കെടുക്കുകയും വരന്റെയും വധുവിന്റെയും ആൾക്കാരെ അഭിനന്ദിക്കുകയും ചെയ്തു. ആരെല്ലാം സഹകരിച്ചാലും ഇല്ലെ

ങ്കിലും രാമനും സുന്ദരാംബാളും ഈ വിവാഹത്തിൽ തൃപ്തരായി. രാമ ന്റെ നോട്ടത്തിൽ തന്റെ ഭാര്യ സുന്ദരിയും നല്ല സ്വഭാവമുള്ളവരും വിദ്യാഭ്യാസ സമ്പന്നയുമാണ്. സുന്ദരാംബാൾ തന്റെ ഭർത്താവിനെ സുന്ദരനും സ്നേഹംനിറഞ്ഞവനുമായി കണ്ടു. സംഗീതവിദൂഷിയായിരുന്ന സുന്ദരാംബാളിനെ സംഗീതപ്രിയനായ രാമന് ഏറെ ഇഷ്ടമായി.

## 8. "സർക്കാരുദ്യോഗം"

### ആദ്യം കല്ക്കട്ടയിൽ

വിവാഹം കഴിഞ്ഞു. താമസിയാതെ രാമന്റെ ഭാഗ്യം തെളിഞ്ഞു. ഒരു ദിവസം തപാൽശിപായി റജിസ്റ്റർ ചെയ്ത നീളമുള്ള ഒരു കവറുമായി രാമന്റെ വീട്ടിൽവന്നു. രാമൻ വീട്ടിൽ ഉണ്ടായിരുന്നു. സ്വന്തം മേൽവിലാസത്തിലുള്ള കവർ തന്റെ ജോലിക്കാര്യത്തെക്കുറിച്ചുള്ളതായിരിക്കുമെന്ന് രാമൻ നേരത്തെ തീരുമാനിച്ചു. കവർ പൊട്ടിച്ചപ്പോൾ താൻ പ്രതീക്ഷിച്ച കാര്യം തന്നെ എന്ന് അദ്ദേഹം മനസ്സിലാക്കി. തന്നെ കൽക്കട്ടയിൽ 'ഡപ്യൂട്ടി അക്കൌണ്ടന്റ് ജനറലാ'യി നിയമിച്ചിരിക്കുന്നുവെന്ന വിവരം രാമൻ എല്ലാവരോടും പറഞ്ഞു.

കൽക്കട്ടയ്ക്കു പോകുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. രാമനും ഭാര്യ സുന്ദരാംബാളും ആദ്യംസുന്ദരാംബാളിന്റെ വീട്ടിൽച്ചെന്ന് അച്ഛനമ്മമാരോട് യാത്രാനുവാദം വാങ്ങി. തന്റെ മകളുടെ ഭാഗ്യത്തിൽ സുന്ദരാംബാളിന്റെ അമ്മയ്ക്കു സന്തോഷമുണ്ടായെങ്കിലും മകൾ ഇത്രദൂരം പോകേണ്ടിവന്നതിൽ ആ അമ്മ അല്പം വേദനിക്കാതിരുന്നില്ല. അവരുടെ കണ്ണുകളിൽനിന്ന് ഒന്നുരണ്ടുതുള്ളി കണ്ണുനീർ അടർന്നുവീണു. എന്നാൽ യാത്രാവസരത്തിൽ കരയുന്നത് ഭംഗിയല്ലെന്നു മനസ്സിലാക്കിയ ആ മഹതി പെട്ടെന്നു കണ്ണുനീർ തുടച്ചുമാററി സന്തോഷത്തോടെ മകളെ യാത്രയാക്കി.

പിന്നീട്ട് രാമൻ ഭാൎയ്യയോടൊന്നിച്ച് തൻെറ അച്ഛനമ്മമാരോടും ബന്ധുജനങ്ങളോടും വിടവാങ്ങി കൽക്കട്ടയ്ക്കു പുറപ്പെട്ടു. അവൎക്ക് ഏതാനും ദിവസത്തെ തീവണ്ടിയാത്ര ചെയ്യേണം കൽക്കട്ടയിലെത്തുവാൻ. തനിക്കു വന്നുചേൎന്ന ഭാഗ്യത്തിൽ സന്തോഷിച്ച്, ഈ ഭാഗ്യം തന്ന ഈശ്വരനെ ധ്യാനിച്ച് സുന്ദരാംബാൾ രാമൻെറ അടുക്കൽ ഇരുന്നു. രാമൻെറ മുഖമാകട്ടെ ഒട്ടുംതന്നെ പ്രകാശിച്ചിരുന്നില്ല. അതിനു കാരണമെന്തായിരിക്കാം? ശാസ്ത്രത്തിൽ ഉയൎന്ന ബിരുദം സമ്പാദിച്ച തനിക്ക് ശാസ്ത്രീയപ്രവൎത്തനം നടത്താൻ സാധിക്കാതെ സൎക്കാരുദ്യോഗത്തിൻെറ പിന്നാലെ പോകേണ്ടി വന്നല്ലോ എന്ന ചിന്തയായിരിക്കാം രാമനെ ഈ അവസരത്തിൽ അലട്ടിയതു്. പക്ഷേ, ജീവിക്കണമെങ്കിൽ ഒരുദ്യോഗം കിട്ടിയേതീരൂ. പെട്ടെന്നു് രാമൻെറ ചിന്ത മറെറാരു വഴിക്കു തിരിഞ്ഞു. താൻ തീരെ ചെറുപ്പമാണു്. ഇത്ര ചെറുപ്പത്തിലെ തനിക്ക് ഒരു നല്ല ഉദ്യോഗം കിട്ടി. അതിൽ താൻ ഭാഗ്യവാനാണു്. അതു് ഈശ്വരൻെറ കരുണയാണു്. എന്നെല്ലാമോൎത്തപ്പോൾ രാമൻെറ മുഖം പ്രസന്നമായി. ഇങ്ങനെ പലതരം ചിന്തകളിൽ മുഴുകിയും ഇടയ്ക്കിടയ്ക്കു് തമാശകൾ പറഞ്ഞും അവർ തീവണ്ടിയാത്രചെയ്തു. ഊണും ഉറക്കവുമെല്ലാം വണ്ടിയിൽത്തന്നെയായിരുന്നു.

അവർ കല്ക്കട്ടയിലെത്തി. രാമൻ ഉദ്യോഗത്തിൽ പ്രവേശിച്ചു. ആഫീസിലെ ജീവനക്കാൎക്ക് ഇത്ര പ്രായം കുറഞ്ഞ മേലുദ്യോഗസ്ഥനെ കണ്ടപ്പോൾ ആദ്യം ആശ്ചൎയ്യം തോന്നി. ക്രമേണ ഈ പുതിയ ഉദ്യോഗസ്ഥൻെറ പെരുമാററം അവരെ ആകൎഷിച്ചു. അദ്ദേഹം കൃത്യമായി ജോലി ചെയ്തു തീൎക്കുന്നതിൽ നിഷ്ഠവച്ചിരുന്നു. ആളുകളോട് വളരെ മൎയ്യാദയോടും സ്നേഹത്തോടും ആ ഉദ്യോഗസ്ഥൻ പെരുമാറി. പുതിയ ഉദ്യോഗജീവിതത്തിൽ രാമൻ സന്തോഷിച്ചു. എങ്കിലും ഏതോ ഒരു ചിന്ത അദ്ദേഹത്തിൻെറ ഹൃദയത്തെ വേദനിപ്പിക്കുന്നുണ്ടെന്നു് ആ മുഖം വിളിച്ചുപറയുന്നുണ്ടായിരുന്നു. തനിക്കേററം ഇഷ്ടപ്പെട്ട ശാസ്ത്രീയ പ്രവൎത്തനത്തിൽ ഏൎപ്പെടുവാൻ കഴിയുന്നില്ലല്ലോ എന്നോൎത്തു് അദ്ദേഹം അപ്പോഴും സങ്കടപ്പെട്ടിരുന്നു.

ഒരു ദിവസം ആഫീസുജോലികഴിഞ്ഞു് രാമൻ താമസസ്ഥല ത്തേക്കു മടങ്ങുകയാണു്. വഴിക്കു് ഒരു ബോർഡു കണ്ടു. *ശാസ്ത്ര പുരോഗതിക്കുള്ള ഇൻഡ്യൻ സമിതി എന്നാണു് അതിൽ എഴുതി യിരുന്നതു്. ബോർഡു വായിച്ച ഉടൻ വണ്ടി നിൎത്തുവാൻ പറ ഞ്ഞിട്ടു് രാമൻ വണ്ടിയിൽനിന്നു ചാടി ഇറങ്ങി. താൻ സ്വപ്നം കാണുകയാണോ എന്നു് രാമൻ ആദ്യം സംശയിച്ചു. കാരണം അത്തരമൊരു സമിതിയെക്കുറിച്ചു് അദ്ദേഹം കേട്ടിട്ടുപോലുമില്ലാ യിരുന്നു. ഏതായാലും രാമൻ പെട്ടെന്നു് കെട്ടിടത്തിനുള്ളിലേ ക്കു് കടന്നുചെന്നു. അവിടെ ഒരു സമ്മേളനം നടക്കുകയായിരുന്നു. ശാസ്ത്രകാൎയ്യങ്ങളാണു് അവിടെ പറഞ്ഞുകേട്ടതു്. വേഗത്തിൽ രാമൻ ഹാളിനുള്ളിലേക്കു കടന്നു. പിൻഭാഗത്തുള്ള ഒരു കസേര യിൽ അദ്ദേഹം ഇരുന്നു. പുതിയ വിരുന്നുകാരനെ സദസ്സിലുണ്ടാ യിരുന്നവർ വീക്ഷിച്ചുനോക്കി. പ്രസംഗങ്ങളും മററും നടക്കുകയാ യിരുന്നതിനാൽ അവർ കൂടുതൽ ശ്രദ്ധിച്ചില്ല.

സമ്മേളനം കഴിഞ്ഞു് രാമൻ അവിടെ കൂടിയിരുന്ന പലരു മായും പരിചയപ്പെട്ടു. ഒടുവിൽ അദ്ദേഹം ആ സമിതിയുടെ സെ ക്രട്ടറി ആരെന്നന്വേഷിച്ചു് സെക്രട്ടറിയുടെ അടുക്കൽ എത്തി. അവർ തമ്മിൽ ഒരു സംഭാഷണം നടന്നു.

"താങ്കളാണോ ഈ സമിതിയുടെ സെക്രട്ടറി?" രാമനാണു് സംഭാഷണം ആരംഭിച്ചതു്.

"അതെ, താങ്കളാരാണു്?" സെക്രട്ടറി ചോദിച്ചു.

"ഇവിടെ ഈയിടയ്ക്കു് ഉദ്യോഗത്തിനു വന്നതാണു്. പേരു് സി. വി. രാമൻ. ഇപ്പോൾ ഡപ്യൂട്ടി അക്കൗണ്ടൻറു് ജനറലാ ണു്. എൻെറ ഉദ്യോഗം അതാണെങ്കിലും എനിക്കു ശാസ്ത്രത്തോ ടു് അല്പം താല്പൎയ്യമുണ്ടു്. ഞാൻ ഊൎജ്ജതന്ത്രത്തിൽ എം. എ. ജയിച്ചിട്ടുണ്ടു്. ഈ സമിതിയെപ്പററി സന്തോഷം തോന്നി ഇവി ടെ വന്നുചേൎന്നതാണു്. എനിക്കുകൂടി ഇതിൽ അംഗമാകണമെന്നാ

* ശാസ്ത്രീയമായ അഭിവൃദ്ധിയെ ലക്ഷ്യമാക്കി പ്രവൎത്തിക്കുന്ന ഇൻഡ്യാക്കാരുടെ ഒരു സംഘം.

ഗ്രഹമുണ്ട്. നിങ്ങൾ സമ്മതിക്കുമെങ്കിൽ ഞാൻ അംഗമായി ച്ചേരാം." രാമൻ പറഞ്ഞു.

"സന്തോഷം; വളരെ സന്തോഷം; ശാസ്ത്രത്തിൽ താല്പര്യമുള്ള എല്ലാവരെയും ഞങ്ങൾ സ്വാഗതംചെയ്യും" എന്നുപറഞ്ഞു സെക്രട്ടറി ഒരു ഫാറം രാമനെ ഏല്പിച്ചു. രാമൻ ഫാറം പൂരിപ്പിച്ച് ഒപ്പിട്ടു കൊടുത്തു. അപ്പോൾത്തന്നെ രാമനെ ആ സമിതിയിൽ അംഗമായി ച്ചേർത്തു.

"താങ്കളുടെ പേരെന്താണ്? ഈ സമിതി ആരംഭിച്ചിട്ട് എത്ര വർഷമായി?" രാമൻ വീണ്ടും ചില ചോദ്യങ്ങൾ ചോദിച്ചു. സെക്രട്ടറി പറഞ്ഞു. "എന്റെ പേര് അമൃതലാൽസർക്കാർ എന്നാണ്. 1870 ലാണ് ഈ സമിതി ആരംഭിച്ചതു്. എന്റെ അച്ഛനായ മഹേന്ദ്രലാലാണ് ഇതിന്റെ സ്ഥാപകൻ. അദ്ദേഹം ശാസ്ത്രകാര്യങ്ങളിൽ വളരെ താല്പര്യമുള്ള ഒരാളായിരുന്നു. മരിക്കുന്നതുവരെ അദ്ദേഹം ഈ സമിതിയുടെ പ്രസിഡന്റായിരുന്നു. അദ്ദേഹം മരിച്ചപ്പോൾ മുതൽ ശ്രീ. ആശുതോഷ്മുക്കർജിയാണ് ഇതിന്റെ പ്രസിഡന്റ്" "നിങ്ങൾക്കിവിടെ ഒരു നല്ല പരീക്ഷണശാലയുണ്ടോ? ഉണ്ടെങ്കിൽ എന്നെ ചില പരീക്ഷണങ്ങൾക്കനുവദിക്കുമോ?"—രാമൻ വീണ്ടും ചോദിച്ചു.

സെക്രട്ടറി പറഞ്ഞു: "തീർച്ചയായും; ഞങ്ങൾക്കിവിടെ ഒരു പരീക്ഷണശാലയുണ്ട്. ഉപകരണങ്ങൾ അത്രയേറെ ഇല്ലെങ്കിലും സാമാന്യം നല്ല ഒരു പരീക്ഷണശാലയാണ് ഞങ്ങളുടേതു്. നിങ്ങൾ പരീക്ഷണങ്ങൾ നടത്തുന്നതിൽ സന്തോഷമേയുള്ളു. നമ്മുടെ ആളുകൾ ഇന്നു പരീക്ഷണങ്ങൾ നടത്തുന്നതിൽ താല്പര്യമുള്ളവരല്ല. നമ്മുടെ ഭാരതം പണ്ട് ശാസ്ത്രജ്ഞന്മാരുടെ നാടായിരുന്നു. ഭാസ്കരാചാര്യൻ, ബ്രഹ്മഗുപ്തൻ എന്നിങ്ങനെ നമുക്കു എത്രയോ നല്ല ശാസ്ത്രജ്ഞന്മാരുണ്ടായിരുന്നു. ഇന്നു നമുക്ക് ശാസ്ത്രജ്ഞന്മാർ നന്നേ കുറവാണ്. ശാസ്ത്രത്തിൽ താല്പര്യമുള്ള നമ്മുടെ ആളുകൾക്ക് പരീക്ഷണങ്ങൾക്കും മററും നല്ല സൗകര്യംകൊടുത്തു് അവരെ ശാസ്ത്രജ്ഞരാക്കുകയാണ് ഈ സമിതിയുടെ ലക്ഷ്യം. താങ്കൾക്കു ശാസ്ത്ര

ത്തിലും പരീക്ഷണങ്ങളിലും നല്ല താല്പര്യമുണ്ടെന്നു തോന്നുന്നു. പരീക്ഷണങ്ങൾ നടത്തുവാനുള്ള എല്ലാ സൗകര്യങ്ങളും ഞങ്ങൾ ഇവിടെ ഉണ്ടാക്കിത്തരാം.

സെക്രട്ടറിയുടെ ഈ വാക്കുകൾ രാമനെ വളരെയേറെ സന്തോഷിപ്പിച്ചു. "വളരെ ഉപകാരം; നിങ്ങൾ ചെയ്തുതന്ന ഈ ഉപകാരത്തിന് ഞാൻ എന്നും നന്ദിയുള്ളവനായിരിക്കും. ഞാൻ ഒരിക്കലും നിങ്ങളെ മറക്കുകയില്ല. നാളെമുതൽ ദിവസവും വൈകുന്നേരം ഞാൻ വരാം." എന്നു പറഞ്ഞ് അവിടെനിന്നും യാത്രയായി. പിറേറ ദിവസം ഓഫീസ് സമയം കഴിഞ്ഞ ഉടൻ രാമൻ അങ്ങോട്ടാണ് പോയത്. ചെന്ന ഉടൻതന്നെ സെക്രട്ടറിയോടു പറഞ്ഞിട്ട് പരീക്ഷണശാലയിൽ കയറിയിരുന്ന് അദ്ദേഹം പരീക്ഷണങ്ങൾ ആരംഭിച്ചു. അന്നുമുതലാണ് രാമൻെറ ഹൃദയവേദന ശമിച്ചു തുടങ്ങിയത്. അദ്ദേഹത്തിൻെറ മനസ്സ് സന്തോഷംകൊണ്ടു നിറഞ്ഞു. ജീവിക്കുവാൻ നല്ല ഉദ്യോഗമുണ്ട്. പരീക്ഷണങ്ങൾ നടത്തുവാൻ ഒരു നല്ല പരീക്ഷണശാലയും കിട്ടിയിട്ടുണ്ട്. രാമന് പിന്നെ സന്തോഷിക്കുവാനെന്തുവേണം?

ഓഫീസ്ജോലിക്കുശേഷം കിട്ടിയ സമയം മുഴുവൻ രാമൻ പരീക്ഷണശാലയിൽത്തന്നെ കഴിച്ചു. പലതിനെക്കുറിച്ചും പരീക്ഷണങ്ങൾ നടത്തി. ആ പരീക്ഷണങ്ങളിലൂടെ പല പുതിയ അറിവും നേടി. തൻെറ പരീക്ഷണങ്ങളെയും അവയുടെ ഫലങ്ങളെയും കുറിച്ചു രാമൻ ഇടയ്ക്കിടയ്ക്ക് ലേഖനങ്ങൾ എഴുതി പ്രസിദ്ധീകരിച്ചു. ആ ലേഖനങ്ങളെല്ലാം ലോകശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധയിൽപെട്ടു.

രാമൻ പരീക്ഷണങ്ങളിലും ലേഖനമെഴുത്തിലും തല്പരനായിരുന്നു എന്നതുകൊണ്ട് ഓഫീസ് കാര്യങ്ങളിൽ വേണ്ടപോലെ ശ്രദ്ധിക്കാതിരുന്നില്ല. കൃത്യമായും കണിശമായും അദ്ദേഹം തൻെറ ഓഫീസ് കാര്യങ്ങൾ നടത്തിപ്പോന്നു. തൻെറ കീഴ്ജീവനക്കാരും ഭംഗിയായി ജോലി ചെയ്യണമെന്നും രാമനു നിർബ്ബന്ധമുണ്ടായിരുന്നു. എപ്പോഴും ചിന്തകളിൽ കഴിഞ്ഞുകൂടിയിരുന്ന രാമൻ ഓഫീസിലെ മററാളുകളോട് അധികം സംസാരിക്കാറില്ലായിരു

ന്നു. അതിനാൽ അവരെല്ലാം അദ്ദേഹത്തെ അല്പം ഗൌരവക്കാരനായി കരുതി. എന്നാൽ അദ്ദേഹം നല്ലവനാണെ് എന്നകാര്യത്തിൽ അവക്കാക്കും അഭിപ്രായ വ്യത്യാസമില്ലായിരുന്നു.

## റംഗൂണിൽ

സക്കാരുദ്യോഗസ്ഥന്മാക്കു് സ്ഥലംമാററം സാധാരണമാണു്. അവക്കു് എന്നും ഒരു നാട്ടിൽത്തന്നെ ജോലി ചെയ്യുവാൻ തരപ്പെടാറില്ല. മൂന്നുവർഷം കൽക്കട്ടയിൽ ജോലി ചെയ്ത രാമനെ റംഗൂണിലേക്കു സ്ഥലംമാററി. ഈ സ്ഥലംമാററം രാമൻ പ്രതീക്ഷിച്ചതല്ല. രാമനെ സംബന്ധിച്ചു് കൽക്കട്ട വളരെ നല്ല സ്ഥലമായിരുന്നു. പരീക്ഷണസൗകര്യം കൽക്കട്ടയിൽ ധാരാളം കിട്ടിയിരുന്നു. റംഗൂണിൽ ഈ സൗകര്യമൊന്നും കിട്ടുകയില്ലല്ലോ എന്നോത്തു് രാമൻ സങ്കടപ്പെട്ടു. എന്തെല്ലാമായാലും സ്ഥലം മാറിയേതീരൂ. സക്കാരുത്തരവിനെ മാനിക്കാതിരിക്കുവാൻ നിവൃത്തിയില്ല. മനസ്സില്ലാ മനസ്സോടെ അദ്ദേഹം കൽക്കട്ട വിടുവാൻ തീർച്ചയാക്കി.

ശാസ്ത്രപുരോഗതിക്കുള്ള ഇൻഡ്യൻ സമിതി ഓഫീസിൽ ചെന്നു് അദ്ദേഹം സെക്രട്ടറിയോടും മററു സ്നേഹിതന്മാരോടും യാത്രപറഞ്ഞു. മൂന്നു വർഷമായി തൻെറ പ്രവത്തനസ്ഥലമായിരുന്ന പരീക്ഷണശാലയിലൂടെ അദ്ദേഹം ചുററിനടന്നു. വിഷാദം നിറഞ്ഞ കണ്ണുകളോടെ അദ്ദേഹം ആ കെട്ടിടം വിട്ടു പുറത്തിറങ്ങി. പിന്നീട്ട് ഓഫീസിൽവന്നു് അവിടുത്തെ ജോലിക്കാരോടു് അദ്ദേഹം വിടവാങ്ങി. താമസിയാതെ രാമൻ കുടുംബത്തോടൊന്നിച്ചു് റംഗൂണിലേക്കുപോയി.

പുതിയ ജോലിസ്ഥലത്തു് രാമൻ ചുറുചുറുക്കോടെ ജോലി ചെയ്തു. കൽക്കട്ടയിലെപ്പോലെ ഒരു പരീക്ഷണശാല കിട്ടുവാൻ എന്തെങ്കിലും സൗകര്യമുണ്ടോ എന്നു രാമൻ അന്വേഷിച്ചു. പക്ഷേ, പ്രയോജനം കിട്ടിയില്ല. അദ്ദേഹം അല്പം നിരാശനായി. ഇതോടൊപ്പം ശാസ്ത്രം പഠിക്കുന്നതിലുള്ള താല്പര്യം രാമനിൽ കൂടിക്കൂ

ടി വരികയാണു ചെയ്തതു്. ഒരു നിമിഷനേരത്തേക്കുപോലും ശാസ്ത്ര ത്തെ മറക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ ശാസ്ത്രതാല്പര്യം വെളിപ്പെടുത്തുന്ന ഒരു സംഭവം അവിടെവച്ചുണ്ടായി.

ഒരിക്കൽ രാമൻ ഓഫീസിൽനിന്നും വീട്ടിൽവന്നു് ഒരു കൂട്ടുകാരനുമായി സംസാരിക്കുകയായിരുന്നു. അപ്പോൾ അവിടെനിന്നും വളരെ അകലത്തിലായി ഒരു പരീക്ഷണശാലയുണ്ടെന്നും അവിടെ പുതിയ രീതിയിലുള്ള ഒരു ശാസ്ത്രോപകരണം ആയിടയ്ക്കു വാങ്ങിയെന്നും ആ കൂട്ടുകാരൻ പറഞ്ഞു. രാമനു് ആ പുതിയ ഉപകരണം ഉടനെ കാണണമെന്നു് ആഗ്രഹമുണ്ടായി. അപ്പോൾത്തന്നെ അങ്ങോട്ടുപോകുവാൻ രാമൻ തിടുക്കംകൂട്ടി. നേരം രാത്രിയായി കഴിഞ്ഞിരുന്നു. "നേരം വെളുത്തിട്ടു് പോയാൽ പോരേ?" എന്നു ഭാര്യ ചോദിച്ചു. രാമൻ ഭാര്യയുടെ വാക്കുകളൊന്നും വകവച്ചില്ല. അപ്പോൾത്തന്നെ അദ്ദേഹം ആ പുതിയ ഉപകരണം കാണുവാനായി പുറപ്പെട്ടു. സ്ഥലത്തുചെന്നപ്പോൾ ഏതാണ്ടു പാതിരാത്രിയായിരുന്നു. പരീക്ഷണശാലയുടെ കാവൽക്കാരെ അദ്ദേഹം വിളിച്ചുണർത്തി. അകത്തുചെന്നു് അവിടെ വാങ്ങിയിട്ടുള്ള പുതിയ ഉപകരണം കാണുവാനാണു് താൻ വന്നതെന്നു പറഞ്ഞു. അവർ മാനേജരെയും മററും വിളിച്ചുകൊണ്ടുവന്നു. മാനേജരോടു് ആ പരീക്ഷണശാലയിൽ പുതുതായി വാങ്ങിയ ഉപകരണം ഒന്നുകാണിച്ചുതരണമെന്നു് രാമൻ ആവശ്യപ്പെട്ടു. മാനേജരും മററും രാമന്റെ ഈ പരിഭ്രമംകണ്ടു് അത്ഭുതപ്പെട്ടു. അദ്ദേഹത്തിന്റെ ശാസ്ത്രസ്നേഹം കൊണ്ടു് അവർ സന്തോഷിക്കുകയും ചെയ്തു. ഒരു മടിയുംകൂടാതെ ആ ഉപകരണം അവർ കാണിച്ചുകൊടുത്തു. ആ പുതിയ ഉപകരണം രാമൻ മുഴുവനായി പരിശോധിച്ചു. അതിന്റെ പ്രവർത്തനരീതിയെപ്പററി അദ്ദേഹം മനസ്സിലാക്കി. ഒരു വലിയ കാര്യം സാധിച്ച മട്ടിൽ അദ്ദേഹം അവരോടു യാത്രപറഞ്ഞു് തിരിച്ചുപോന്നു.

ഏതാണ്ടു് വെളുപ്പാൻകാലത്താണു് രാമൻ വീട്ടിൽ വന്നതു്. വീട്ടിൽവന്നയുടൻ ഭാര്യയെ വിളിച്ചുണർത്തിയിട്ടു് "ഇനിയും എനിക്കുറങ്ങണം. ആ ഉപകരണം കണ്ടില്ലായിരുന്നുവെങ്കിൽ എനിക്കുറങ്ങാൻ

സാധിക്കയില്ലായിരുന്നു. കണ്ടിട്ടു വന്നതുകൊണ്ടു് ഇനിയും സുഖമായുറങ്ങാം. കൃത്യം ഏഴരമണിയാകുമ്പോൾ എന്നെ വിളിച്ചുണർത്തണം. നാളെ ഓഫീസുള്ള ദിവസമാണു്." എന്നു പറഞ്ഞു് രാമൻ ഉറക്കറയിൽ പ്രവേശിച്ചു. രണ്ടോ മൂന്നോ മണിക്കൂർ മാത്രമാണു് അന്നു് അദ്ദേഹം ഉറങ്ങിയതു്. ഏഴരമണിയായപ്പോൾ തന്നെ ഭാര്യ രാമനെ വിളിച്ചുണർത്തി. വളരെ വേഗത്തിൽ അദ്ദേഹം ഓഫീസിൽ പോകുന്നതിനൊരുങ്ങി. രാമൻ ഇത്തരം വലിയ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നതു് ശാസ്ത്രത്തോടുള്ള വലിയ സ്നേഹം മൂലമാണു്. എന്നാൽ അവിടെ രാമനു് സൗകര്യമുള്ള ഒരു പരീക്ഷണശാല കണ്ടെത്തുവാൻ സാധിച്ചില്ല. അതിൽ രാമൻ ഏറെ സങ്കടപ്പെട്ടു.

റംഗൂണിൽവച്ചും രാമൻ ഓഫീസ് ജോലിയിൽ കൃത്യനിഷ്ഠ പാലിച്ചിരുന്നു. കൃത്യസമയത്തുതന്നെ അദ്ദേഹം ആഫീസിൽ ഹാജരാകും. വേണ്ടപ്പെട്ട ഫയലുകൾ എല്ലാം പരിശോധിക്കും. കത്തുകൾക്കു് അപ്പോഴപ്പോൾ മറുപടി അയയ്ക്കും. ആഫീസിലെ മററാളുകളും പൊതുജനങ്ങളും രാമന്റെ കൃത്യനിഷ്ഠയെ പുകഴ്ത്തി. അവർക്കെല്ലാം രാമൻ ഒരു നല്ല ഓഫീസറായിരുന്നു.

## പിതാവിന്റെ മരണം

റംഗൂണിൽ രാമനു് അധികകാലം താമസിക്കേണ്ടി വന്നില്ല. രാമൻ റംഗൂണിലെത്തി അധികനാൾ കഴിയുന്നതിനുമുമ്പു് പിതാവായ ചന്ദ്രശേഖരയ്യർ ഇഹലോകവാസം വെടിഞ്ഞു. ഈ വാർത്ത രാമനെ ഞെട്ടിപ്പിച്ചു. രാമൻ ഏറെ സങ്കടപ്പെട്ടു. രാമന്റെ എല്ലാ നിലയിലുമുള്ള ഉയർച്ചയ്ക്കു് കാരണക്കാരൻ ചന്ദ്രശേഖരയ്യർ ആയിരുന്നു. ശാസ്ത്രതാല്പര്യം രാമനിൽ വളർത്തിയതു് അദ്ദേഹമാണു്. തന്റെ നന്മയ്ക്കുവേണ്ടി മാത്രം പ്രവർത്തിച്ച അച്ഛന്റെ മരണത്തിൽ ആ മകൻ എങ്ങനെ ദുഃഖിക്കാതിരിക്കും?

പിതാവിന്റെ മരണത്തെപ്പററി അറിഞ്ഞ രാമൻ ഉടൻതന്നെ ശേഷക്രിയകളിൽ സംബന്ധിക്കുവാൻ ആറു മാസത്തെ അവ

ധി എടുത്തു മദ്രാസിലേക്കു തിരിച്ചു. ഈ അവസരത്തിൽ ചന്ദ്രശേഖരയ്യർ താമസിച്ചിരുന്നതു് മദ്രാസിലായിരുന്നു. മദ്രാസിൽ വന്ന രാമൻ അച്ഛന്റെ മരണശേഷമുള്ള കർമ്മങ്ങളിൽ പങ്കെടുത്തു. തന്നെ നല്ലനിലയിലാക്കുവാൻ ശ്രമിച്ച അച്ഛനെപ്പററി ഓർത്തോർത്തു് അദ്ദേഹം ദിവസങ്ങൾ കഴിച്ചുകൂട്ടി. ഏതെങ്കിലും പരീക്ഷണശാലയിൽ ചെന്നിരുന്നാൽ തന്റെ ദുഃഖത്തിനല്പം ശമനം കിട്ടുമോ എന്നു രാമൻ ചിന്തിച്ചു.

തന്റെ പഴയ വിദ്യാലയമായ പ്രസിഡൻസി കോളേജിന്റെ പരീക്ഷണശാലയിൽ അദ്ദേഹം പോകുവാൻ തുടങ്ങി. അവിടത്തെ ശാസ്ത്രാദ്ധ്യാപകന്മാരുമായി രാമൻ പല ശാസ്ത്രകാര്യങ്ങളെക്കുറിച്ചും സംസാരിക്കും. പരീക്ഷണശാലയിൽ ചെന്നിരുന്നു് ചില പരീക്ഷണങ്ങൾ നടത്തിനോക്കും. ഇങ്ങനെ രാമൻ അവധിക്കാലം മുഴുവൻ മദ്രാസിൽ കഴിച്ചുകൂട്ടി.

## നാഗപ്പൂരിൽ

അവധി തീർന്നപ്പോൾ രാമനെ നാഗപ്പൂരിലേക്കാണു് സ്ഥലം മാററി നിയമിച്ചതു്. "കഷ്ടതകൾ വരുന്നതു് കൂട്ടത്തോടെ" എന്നൊരു ചൊല്ലുണ്ടു്. രാമൻ ഏററവും സ്നേഹിച്ചിരുന്ന അച്ഛൻ മരിച്ചു. ആ സങ്കടം മാറുന്നതിനുമുമ്പു രാമനെ സ്ഥലം മാററി. അവിടെച്ചെന്നിട്ടോ. പിന്നെയും കഷ്ടതതന്നെ. അദ്ദേഹം നാഗപ്പൂരിലെത്തിയ ഉടൻതന്നെ ഒരു മഹാരോഗത്തോടു് പോരാടേണ്ടിവന്നു. ആ സ്ഥലത്തു് പ്ലേഗുബാധയുണ്ടായി. അനേകായിരം ആളുകൾ ആ മഹാരോഗത്താൽ മരിച്ചു. ജനങ്ങൾ ആകെ പരിഭ്രമിച്ചു. തന്റെ ഓഫീസിലെ ആളുകളെ ഈ മഹാരോഗത്തിൽ നിന്നും രക്ഷിക്കണമെന്നു് രാമൻ ആഗ്രഹിച്ചു. രോഗബാധയുള്ളവരുമായി ഇടപെടാതിരിക്കയാണു് രോഗം വരാതിരിക്കുവാനുള്ള നല്ല മാർഗ്ഗം. ഈ സത്യം മനസ്സിലാക്കിയ രാമൻ തന്റെ ഓഫീസ് വളപ്പിനുള്ളിൽ എല്ലാവർക്കും താമസിക്കുവാനുള്ള കുടിലുകൾ നിർമ്മിക്കുവാൻ നിർദ്ദേശിച്ചു. അതനുസരിച്ചു് എല്ലാവർക്കും താമസി

ക്കുവാനുള്ള കുടിലുകൾ ഉണ്ടാക്കി. എല്ലാ ജോലിക്കാരും ആ കു ടിലുകളിൽത്തന്നെ താമസിച്ചു. രാമനും അവരോടൊന്നിച്ച് ഒരു കൊച്ചു കുടിലിൽ കഴിഞ്ഞു. ആ വളപ്പിനുള്ളിൽ താമസിക്കുന്നവ ൎക്ക് പുറത്തുള്ളവരെ കാണുവാനോ പുറത്തുള്ളവൎക്ക് ആ വളപ്പിനു ള്ളിൽ കടന്നുചെല്ലുവാനോ അനുവാദമില്ലായിരുന്നു. കുടിലുകളും അവയുടെ പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിനു രാമൻ അവരെ നിർബ്ബന്ധിച്ചു.

സൎക്കാരിന്റെയും ജനങ്ങളുടെയും കഠിന ശ്രമത്താൽ ഒന്നുരണ്ടാ ഴ്ചകൾകൊണ്ട് ഈ പകർച്ചവ്യാധി ശമിച്ചു. ചുററുപാടുമുള്ള സ്ഥ ലങ്ങളിൽനിന്നും രോഗം മാറി എന്നു കണ്ടപ്പോൾ രാമനും മററാളു കളും തങ്ങളുടെ വീടുകളിൽത്തന്നെതാമസമാക്കി. രാമന്റെ ഈ പ്ര വൃത്തിമൂലം ആ ഓഫീസിലെ ആളുകളാരും ഈ രോഗത്തിനിരയാ യില്ല. അദ്ദേഹത്തിന്റെ ഈ പ്രവൎത്തനത്തെ എല്ലാവരും പുകഴ്ത്തി.

പ്ലേഗുബാധയിൽനിന്നും രാമനും കീഴ്ജീവനക്കാരും രക്ഷ പ്രാ പിച്ചുവെങ്കിലും രാമന്റെ കഷ്ടകാലം പിന്നെയും തുടൎന്നു. രാമനുമു മ്പ് രാമന്റെ സ്ഥാനത്ത് അവിടെ ഉണ്ടായിരുന്ന ഉദ്യോഗസ്ഥൻ പ്രായം കൂടുതലുള്ള ഒരാൾ ആയിരുന്നു. അദ്ദേഹം മടിയനും ഓ ഫീസ് കാര്യങ്ങളിൽ ശ്രദ്ധയില്ലാത്തവനുമായിരുന്നു. അപ്പോൾ അ സിസ്റ്റന്റായിരുന്ന ആൾ കൂടുതൽ തൻേറടം കാണിച്ചുതുടങ്ങി. അ സിസ്റ്റന്റാണ് ഓഫീസ് ഭരിച്ചത്. മറേറ മാന്യൻ ഒരു പാവയാ യിരുന്നു് ഒപ്പിട്ടു കൊടുക്കുകമാത്രം ചെയ്തു. അസിസ്റ്റന്റിനു് എല്ലാ സ്വാതന്ത്ര്യങ്ങളും കിട്ടി. ഈ ഓഫീസിലേക്കാണ് രാമൻ സ്ഥലം മാറി ചെന്നതു്.

തന്റെ അധികാരംകൂടി അസിസ്റ്റന്റു് കൈയേറുന്നതു് രാമ നു പിടിച്ചില്ല. രാമൻ അസിസ്റ്റന്റിനുണ്ടായിരുന്ന പല സ്വാത ന്ത്ര്യങ്ങളും എടുത്തുകളഞ്ഞു. അസിസ്റ്റന്റിനു് രാമന്റെ ഈ പെ രുമാററം ഒട്ടും രസിച്ചില്ല. അയാൾ രാമനോടു പിണങ്ങി. പിണ ക്കം വർദ്ധിച്ചപ്പോൾ അയാൾ രാമനെപ്പററി പല അപവാദങ്ങ ളും പറഞ്ഞു പരത്തി. അയാൾക്കു സ്വാധീനമുള്ള ചില പത്രങ്ങ

ളിൽ പുതിയ ഓഫീസറെപ്പററി ആക്ഷേപങ്ങൾ എഴുതിച്ചു. കീഴ്ജീവനക്കാരെ രാമനിൽനിന്നും അകററുവാൻ ശ്രമിച്ചു. അവരുടെ ഇടയിൽത്തന്നെ വിവിധകക്ഷികളുണ്ടാക്കി. അസിസ്റ്റൻറു് പൊതുജനങ്ങളുടെ അടുക്കൽ രാമനെപ്പററി പല കള്ളക്കഥകളും പറഞ്ഞു കേൾപ്പിച്ചു. ഇതിനെല്ലാത്തിനും പുറമെ, സിംലായിലിരിക്കുന്ന വകുപ്പുമേധാവിക്കു് പലരെക്കൊണ്ടും പരാതികൾ അയപ്പിച്ചു.

പരാതികളിലെല്ലാം ചൂണ്ടിക്കാട്ടിയതു് തീരെ ചെറുപ്പക്കാരനായ രാമനു് വലിയ ചുമതലയുള്ള ഈ ജോലി ചെയ്തുതീക്കുവാൻ കഴിവില്ല എന്ന കാര്യമാണു്. വകുപ്പുമേധാവി ബന്ധപ്പെട്ട ഏതാനും ഫയലുകൾ പരിശോധനയ്ക്കായി അയച്ചുകൊടുക്കുവാൻ രാമനോടു് ആവശ്യപ്പെട്ടു. ഫയലുകൾ തെററുകൂടാതെ നല്ലരൂപത്തിൽ സൂക്ഷിച്ചിരുന്നതിനാൽ രാമനു് ഫയലുകൾ അയയ്ക്കുവാൻ യാതൊരു ഭയവും ഇല്ലായിരുന്നു. ഉടൻതന്നെ രാമൻ, ആവശ്യപ്പെട്ട ഫയലുകൾ സിംലായിലേക്കയച്ചു. വകുപ്പുമേധാവി ഫയലുകൾ സൂക്ഷ്മമായി പരിശോധിച്ചു. അവയിൽ ഒരു തെററും കണ്ടില്ല. മേലുദ്യോഗസ്ഥനു് വളരെ തൃപ്തിയായി. രാമൻ വളരെ ഭംഗിയായി ജോലിചെയ്യുന്നുവെന്നു് അദ്ദേഹം മനസ്സിലാക്കി. മാത്രവുമല്ല സാധാരണ ചെറുപ്പക്കാരുടെ എടുത്തുചാട്ടമൊന്നും രാമനില്ലെന്നു് മേലധികാരിക്കു് ബോദ്ധ്യപ്പെട്ടു. രാമൻെറ ഗുണങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടു് ആ മേലുദ്യോഗസ്ഥൻ ഒരു സർട്ടിഫിക്കററു് എഴുതിയയച്ചു. അതോടുകൂടി അസിസ്റ്റൻറും കൂട്ടാളികളും മുട്ടുകുത്തി. പിന്നീടു് അവരാരും രാമനോടെതിർത്തില്ല. രാമൻെറ കഷ്ടകാലം ഇവിടെ അവസാനിച്ചുവെന്നു പറയാം. അദ്ദേഹത്തിനു് പിന്നീടൊരിക്കലും ഇത്തരം ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടില്ല.

## വീണ്ടും കല്ക്കട്ടയിൽ

നാഗപ്പൂരിൽനിന്നും രാമനു വീണ്ടും കല്ക്കട്ടയിലേക്കു മാററം കിട്ടി. അതൊരു പ്രമോഷനോടുകൂടിയായിരുന്നു. തപാൽ വകുപ്പിൽ 'അക്കൌണ്ടൻറു് ജനറൽ' ആയി അദ്ദേഹത്തിനു പ്രമോഷൻ കിട്ടി. ഈ സ്ഥലംമാററം രാമനെ സന്തോഷിപ്പിച്ചു. രാമൻ ഇൻ

ഡ്യയിലെ പല പട്ടണങ്ങളിലും കഴിഞ്ഞിട്ടുണ്ടെങ്കിലും കൽക്കട്ടാ പോലെ അദ്ദേഹത്തിൻെറ മനസ്സിനിണങ്ങിയ മറെറാരു പട്ടണമില്ല. തൻെറ പഴയ പരിചയക്കാരെ കാണുന്നതിനു് അദ്ദേഹം ആശിച്ചിരുന്നു. മൂന്നുവർഷക്കാലം പല പരീക്ഷണങ്ങളും നടത്തിയിട്ടുള്ള പഴയ പരീക്ഷണശാലയിൽ പോകുന്നതിനും അദ്ദേഹം ആഗ്രഹിച്ചു. വീണ്ടും കൽക്കട്ടയിലെത്തിയ രാമൻ ഉദ്യോഗവും പരീക്ഷണവുമായി അവിടെ ആറുവർഷം കഴിച്ചുകൂട്ടി.

ഏതാണ്ടു പത്തുവർഷക്കാലം രാമൻ സക്കാർ സേവനം നടത്തി. സക്കാരുദ്യോഗം നല്ലതുതന്നെ. എന്നാൽ അതിനു പിന്നിൽ പല കഷ്ടതകളുമുണ്ടു്. സ്ഥലംമാററം സാധാരണമാണു്. മേലുദ്യോഗസ്ഥന്മാരെ പിണക്കുവാൻ പാടില്ല. കീഴ്ജീവനക്കാരെ സന്തോഷിപ്പിക്കണം. സ്വതന്ത്രമായി വല്ലതും പ്രവത്തിക്കുന്നതിനു് ആഗ്രഹിച്ചാൽ അതു സാധ്യമല്ല. സവ്വീസ് നിയമങ്ങൾ അവനെ വരിഞ്ഞുകെട്ടിയിരിക്കയാണു്.

ഒരു നല്ല ശാസ്ത്രജ്ഞനു് എന്നും സക്കാരുദ്യോഗസ്ഥനായി കഴിഞ്ഞുകൂട്ടുവാൻ വിഷമമാണു്. ഒരേസമയത്തു് രണ്ടു വള്ളത്തിൽ ഒന്നിച്ചു കാൽ ചവിട്ടി നില്ക്കുവാൻ സാധ്യമല്ലല്ലോ. രാമൻ ഉദ്യോഗം വലിച്ചെറിഞ്ഞു. അതിൻെറ കാരണങ്ങൾ പിന്നാലെ കാണാം. ഒരു നല്ല ഉദ്യോഗസ്ഥൻ എന്ന നിലയിൽ രാമൻ ശോഭിച്ചു. കൂടെ ജോലി ചെയ്തിരുന്നവക്കെല്ലാം അദ്ദേഹം നല്ലവനായിരുന്നു. പൊതുജനങ്ങളും ആ നല്ല മനുഷ്യനെ സ്നേഹിച്ചു.

## 9. "കോളേജ് പ്രഫസർ"

ശാസ്ത്രതാല്പര്യമുള്ള വളരെയേറെ ആളുകൾ ഒരു കാലത്തു് കൽക്കട്ടയിലുണ്ടായിരുന്നു. അവരുടെയെല്ലാം ശ്രമഫലമായി കൽക്കട്ടയിൽ ഒരു സയൻസ് കോളേജ് ഉണ്ടായി. അവിടെ ഒരു 'സയൻസ് പ്രഫസരുടെ' സ്ഥാനം പുതുതായി ഏർപ്പെടുത്തി. പക്ഷേ ആ സ്ഥാനത്തേക്കു യോഗ്യനായ ഒരാളിനെ അവക്കു കിട്ടി

യില്ല. അന്നു ജീവിച്ചിരുന്ന ശാസ്ത്രജ്ഞന്മാരിൽ പ്രധാനി രാമനായിരുന്നു. 'രാമനെ പ്രഫസറായി കിട്ടിയിരുന്നെങ്കിൽ' എന്നു പലരും മനസ്സിൽ കരുതി. പക്ഷേ രാമനോട്ട് ഈ കാര്യം തുറന്നു പറയുവാൻ ആരും ധൈര്യപ്പെട്ടില്ല. കാരണം രാമൻ വലിയ ശമ്പളം വാങ്ങുന്ന ഒരു സക്കാരുദ്യോഗസ്ഥനായിരുന്നു. കോളേജ് പ്രഫസർക്ക് അത്ര വലിയ ശമ്പളം ഉണ്ടായിരുന്നില്ല.

കൽക്കട്ടാ സർവ്വകലാശാലയുടെ വൈസ് ചാൻസലറായിരുന്ന ആശുതോഷ് രാമൻെറ വലിയ സ്നേഹിതനായിരുന്നു. ഒരു ദിവസം ആശുതോഷ് രാമനെ കണ്ടപ്പോൾ പുതിയ സയൻസ് കോളേജിനെപ്പററി സംസാരിച്ചു. ആ കോളേജിലേക്ക് ഒരു നല്ല സയൻസ് പ്രഫസറെ ചൂണ്ടിക്കാണിച്ചു തരുവാൻ അദ്ദേഹം രാമനോട്ട് ആവശ്യപ്പെട്ടു.

"ഞാൻ തന്നെ പ്രഫസറായി വന്നാൽ നിങ്ങൾക്കിഷ്ടപ്പെടുമോ?" രാമൻ ചോദിച്ചു.

"തീർച്ചയായും. പക്ഷേ പ്രഫസർക്ക് അത്ര വലിയ ശമ്പളം കിട്ടുകയില്ലെന്നറിയാമല്ലോ?"–ആശുതോഷ് പറഞ്ഞു.

"ശമ്പളക്കുറവു് സാരമില്ല. ഒരധ്യാപകനാകുന്നതു് രസമുള്ള ഏർപ്പാടാണ്. ഒരു ശാസ്ത്രാദ്ധ്യാപകനായാൽ പല പുതിയ പരീക്ഷണങ്ങളും നടത്തിനോക്കാം. പണപ്പെട്ടിയുടെ അടുത്തിരുന്നു് പണം സൂക്ഷിക്കുന്ന ഇപ്പോഴത്തെ ജോലിയെക്കാൾ നല്ലതാണ് ഒരു പ്രഫസറായിരിക്കുന്നതു്. സ്വാതന്ത്ര്യം വളരെയുണ്ടല്ലോ? നിങ്ങൾക്കെല്ലാം ഇഷ്ടമാണെങ്കിൽ ഞാൻ പ്രഫസറായി വരാം." രാമൻ പറഞ്ഞു. ഈ വാക്കുകൾ വൈസ് ചാൻസലറെ അത്ഭുതപ്പെടുത്തി. എന്നാൽ രാമനെ പ്രഫസറായി കിട്ടുന്നതു് വലിയ ഭാഗ്യമായി അദ്ദേഹം കരുതി.

"ഞങ്ങൾക്കെല്ലാം താങ്കൾ പ്രഫസറായി വരുന്നതു് ഇഷ്ടമാണ്. നിവൃത്തിയുണ്ടെങ്കിൽ ഉദ്യോഗം രാജിവച്ചിട്ടു വരൂ." ആശു

തോഷ് രാമനെ പ്രേരിപ്പിച്ചു. താൻ രാജിവയ്ക്കുവാൻ തയ്യാറാണെന്നു രാമൻ അദ്ദേഹത്തോടു പറഞ്ഞു.

രാമനുമായി നടന്ന സംഭാഷണത്തെപ്പററി ആശുതോഷ് തൻെറ മററു കൂട്ടുകാരോടു പറഞ്ഞു. അവൎക്കെല്ലാം രാമൻ പ്രഫസറായി വരുന്നതിൽ സന്തോഷമായിരുന്നു. എന്നാൽ രാമനെ പ്രഫസറായി നിയമിക്കുന്നതിനു് ഒരു ബുദ്ധിമുട്ടു നേരിട്ടു. യൂറോപ്പിൽപോയി ബിരുദം സമ്പാദിച്ചിട്ടുള്ള ഒരാളായിരിക്കണം 'സയൻസ് പ്രഫസർ' എന്നു നേരത്തെ തീരുമാനിക്കപ്പെട്ടിരുന്നു. രാമൻ യൂറോപ്പിൽ പോയിട്ടുപോലുമില്ല. രാമൻ യൂറോപ്പിൽപോയി രണ്ടു മാസമെങ്കിലും താമസിച്ചിട്ടു തിരിച്ചുവരണമെന്നു് ചിലർ പറഞ്ഞു. രാമൻ അതൊന്നും കൂട്ടാക്കിയില്ല. 'ഭാരതീയബിരുദംമാത്രം നേടിയിട്ടുള്ള ഒരു ശാസ്ത്രജ്ഞൻ എത്ര സമൎത്ഥനായാലും അയാളെ നിയമിക്കുവാൻ പാടില്ല. യൂറോപ്പിൽപോയി പഠിച്ചിട്ടുള്ള ഒരു ശാസ്ത്രജ്ഞൻ എത്ര മടയനായാലും അയാളെ നിയമിക്കാം' എന്നുള്ള ഈ തീരുമാനം എടുത്തുകളയണമെന്നു് രാമൻ കോളേജിൻെറ ചുമതലക്കാരെ അറിയിച്ചു. മാത്രവുമല്ല ഈ നിയമം നമ്മുടെ മാതൃഭൂമിയോടു നമുക്കുള്ള സ്നേഹക്കുറവിനെയാണു് കാണിക്കുന്നതെന്നു് അദ്ദേഹം വാദിക്കുകയും ചെയ്തു. ആശുതോഷും മററും രാമൻെറ അഭിപ്രായം ശരിയാണെന്നു് സമ്മതിച്ചു. അഭിപ്രായം അവർ അതോടുകൂടി അംഗീകരിച്ചു. പഴയ തീരുമാനത്തെ എതിൎത്തുകൊണ്ടു് രാമനെത്തന്നെ പ്രഫസറായി നിയമിച്ചു.

പ്രഫസറായി നിയമനം കിട്ടിയപ്പോൾ രാമൻ തൻെറ സൎക്കാരുദ്യോഗം ഉപേക്ഷിച്ചു. പക്ഷേ, അതു സാമ്പത്തികമായി ഒരു വലിയ നഷ്ടമായിരുന്നു. രാമൻ ഈ നഷ്ടത്തിൽ ദുഃഖിച്ചില്ല. ഓരോരുത്തരുടേയും സുഖവും ദുഃഖവും അവരുടെ മനസ്സിൻെറ അവസ്ഥയെ ആശ്രയിച്ചിരിക്കുന്ന കാൎയ്യമാണു്. ചിലൎക്കു സുഖമെന്നു തോന്നുന്നതു് മററു ചിലൎക്കു് ദുഃഖമെന്നു തോന്നാറുണ്ടു്. അതുപോലെ മറിച്ചും. രാമനെ സംബന്ധിച്ചു പറഞ്ഞാൽ സൎക്കാരുദ്യോഗത്തിനു വലിയ ശമ്പളമുണ്ടെങ്കിലും തൻെറ ശാസ്ത്രതാല്പൎയ്യം വളൎത്തി

യെടുക്കാൻ അതു വലിയൊരു തടസ്സമായിരുന്നു. കോളേജിലെ അ ദ്ധ്യാപകനായാൽ പണം കുറച്ചേ കിട്ടുകയുള്ളു. പക്ഷേ, താൻ ചെ യ്യുന്ന ജോലി വലിയ ഫലമുള്ളതാണു്. ശാസ്ത്രത്തിൽ വളരെ പി ന്നോക്കം നില്ക്കുന്ന ഭാരതത്തിൽ ഏതാനും ശാസ്ത്രജ്ഞന്മാരെങ്കിലും ഉണ്ടായാൽ അതൊരു വലിയ കാര്യമാണു്. താൻ കോളേജിൽ പഠിപ്പിച്ചാൽ അതു സാധിക്കുമെന്നു് അദ്ദേഹം വിശ്വസിച്ചു. ചുരു ക്കത്തിൽ, നശിച്ചുപോകുന്ന പണത്തിനു് അദ്ദേഹം ഒരു സ്ഥാന വും കല്പിച്ചില്ല.

1917-ലാണു് രാമൻ പ്രഫസർ സ്ഥാനം സ്വീകരിച്ചതു്. ശാ സ്ത്രം പഠിക്കുവാനും പരീക്ഷണങ്ങൾ നടത്തുവാനും സമയം ചെലവ ഴിച്ചുകൊണ്ടു് അദ്ദേഹം കല്ക്കട്ടയിൽ കഴിഞ്ഞുകൂടി. രണ്ടുവർഷം കഴിഞ്ഞപ്പോൾ ശാസ്ത്രപുരോഗതിക്കുള്ള ഇൻഡ്യൻ സമിതിയുടെ സെക്രട്ടറിയായിരുന്ന അമൃതലാൽ സർക്കാർ മരണം പ്രാപിച്ചു. ആ സ്ഥാനത്തേക്കു് രാമനെയാണു തിരഞ്ഞെടുത്തതു്. സെക്രട്ടറിയായി ജോലിചെയ്യുന്നതുകൊണ്ടു് പ്രത്യേകശമ്പളമൊന്നും കിട്ടിയിരുന്നി ല്ല. ശമ്പളം കിട്ടുമെന്നു് പ്രതീക്ഷിച്ചല്ല അദ്ദേഹം ആ സ്ഥാനം ഏറ്റെടുത്തതു്. തന്റെ പരീക്ഷണങ്ങൾ നടത്തുവാൻ കൂടുതൽ സൗകര്യപ്പെടുമല്ലോ എന്നാണദ്ദേഹം കരുതിയതു്. അപ്പോൾ ആ പരീക്ഷണശാലയിൽ പല പുതിയ ഉപകരണങ്ങളുമുണ്ടായിരുന്നു. ആ ഉപകരണങ്ങൾ ഉപയോഗിച്ചു് പരീക്ഷണം നടത്താൻ സൗക ര്യം കിട്ടണമെന്നു് രാമൻ ആശിച്ചു. സെക്രട്ടറിസ്ഥാനം അതിനു സൗകര്യം നല്കി. ജീവിക്കുവാനുള്ള ശമ്പളം പ്രഫസറുദ്യോഗംകൊണ്ടു കിട്ടി. അതിൽ അദ്ദേഹം തൃപ്തിപ്പെട്ടു.

നിയമപ്രകാരം രാമനു് ക്ലാസുകളിൽചെന്നു പഠിപ്പിക്കേണ്ടി യിരുന്നില്ല; എന്നിട്ടും അദ്ദേഹം പഠിപ്പിക്കുകതന്നെ ചെയ്തു. യുവാ ക്കളെ ശാസ്ത്രത്തിന്റെ വഴിയിലേക്കു തിരിച്ചുവിടണമെന്ന ഉദ്ദേശ്യ ത്തോടെയാണു് അദ്ദേഹം പഠിപ്പിച്ചതു്. മനസ്സിലാക്കാൻ പ്രയാ സമുള്ള ശാസ്ത്രീയകാര്യങ്ങൾ അദ്ദേഹം വളരെ ലളിതമായ രീതി യിലാണു് കുട്ടികളെ പഠിപ്പിച്ചിരുന്നതു്. ഇടയ്ക്കിടയ്ക്കു് ചില ഫ

ലിതവും അദ്ദേഹം പറയുമായിരുന്നു. കുട്ടികൾക്കെല്ലാം ആ അദ്ധ്യാപകനെ ഏറെ ഇഷ്ടമായി. 'സമത്ഥനായ അദ്ധ്യാപകൻ' എന്ന സർട്ടിഫിക്കററ് അവർ അദ്ദേഹത്തിനു നൽകി. പിന്നീട് ശാസ്ത്രലോകത്തിൽ പ്രസിദ്ധരായിത്തീർന്ന ബാനർജി, രാമനാഥൻ മുതലായവർ രാമൻെറ അടുക്കൽ അന്നു പഠിച്ചിരുന്നവരാണ്.

പതിനഞ്ചു വർഷത്തോളം രാമൻ കോളേജ് പ്രഫസറായി കഴിഞ്ഞുകൂടി. ഈ ഉദ്യോഗം അദ്ദേഹത്തിനു ശാസ്ത്രപഠനത്തിലുള്ള താല്പര്യം വർദ്ധിപ്പിച്ചു. ഈ ഉദ്യോഗത്തിലിരുന്നുകൊണ്ട് പല വിഷയങ്ങളെക്കുറിച്ചും അദ്ദേഹം ഗവേഷണം നടത്തി. ഹാർമ്മോണിയം, മൃദംഗം മുതലായ സംഗീതോപകരണങ്ങളിൽനിന്നും പുറപ്പെടുന്ന പലതരം ശബ്ദങ്ങളെപ്പററി അദ്ദേഹം പഠിച്ചു. പലതരം ശബ്ദങ്ങളുടെ കാരണം പരീക്ഷണങ്ങളാലുംമററും രാമൻ കണ്ടുപിടിച്ചു. അതുപോലെ പലതരം പ്രകാശങ്ങളെപ്പററിയും രാമൻ ഗവേഷണം നടത്തി. പ്രകാശ ശാസ്ത്രത്തിലും പല പുതിയ തത്വങ്ങൾ അദ്ദേഹം കണ്ടുപിടിച്ചു.

## 10. 'പ്രഫസറുദ്യോഗത്തിനുശേഷം'

### സയൻസ് ഇൻസ്ററിറ്റ്യൂട്ടിൽ

പതിനാറുവർഷം പ്രഫസറായിരുന്ന രാമൻ മുഴുവൻ സമയവും ഗവേഷണത്തിലേർപ്പെടണമെന്ന ഉദ്ദേശ്യത്തോടുകൂടി ആ ഉദ്യോഗവും രാജിവച്ചു. ബാംഗ്ളൂറിൽ ആ കാലത്ത് ഒരു നല്ല ഗവേഷണശാലയുണ്ടായി. വ്യവസായങ്ങളിൽ കൂടുതൽ അഭിവൃദ്ധി ഉണ്ടാകുവാനുള്ള മാർഗ്ഗങ്ങളെപ്പററി ഗവേഷണം നടത്തുവാനായിരുന്നു ആ സ്ഥാപനം ഉണ്ടാക്കിയതു്. ആ സ്ഥാപനത്തിൻെറ പേരു് 'ഇൻഡ്യൻ സയൻസ് ഇൻസ്ററിററ്യൂട്ട്' എന്നാണ്. ഇന്നും ബാംഗ്ളൂറിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണിതു്.

പണ്ട് മൈസൂർ ഭരിച്ചിരുന്ന മഹാരാജാവ് ഈ സ്ഥാപനത്തിനു് മുന്നൂറു് ഏക്കർ സ്ഥലവും അൻപതുലക്ഷം രൂപയും സംഭാ

വനംചെയ്തു. കൃഷിക്കാരുടെ രാജ്യമായ ഭാരതം വ്യവസായത്തിലും അഭിവൃദ്ധിപ്പെടേണ്ടതാണ്. അതിന് ഇത്തരം ഗവേഷണസ്ഥാപനങ്ങൾ സഹായിക്കും. ഈ സ്ഥാപനത്തിൽ വ്യവസായത്തെ സഹായിക്കുന്ന ശാസ്ത്രവിഭാഗങ്ങൾക്കാണു പ്രാധാന്യം. അതിനാൽ രാമന്റ് ഇഷ്ടമുള്ള ശാസ്ത്രമായ ഊർജ്ജതന്ത്രത്തിന് ആദ്യം വലിയ പ്രാധാന്യം നൽകിയിരുന്നില്ല. രാമൻെറ ശ്രമംമൂലം ഈ ഇൻസ്റ്റിററ്യൂട്ടിൽ ഊർജ്ജതന്ത്രത്തിനു മാത്രമായി ഒരു ഗവേഷണശാല ഉണ്ടാക്കി. എന്നാൽ തൻെറ ഇഷ്ടംപോലെ ഗവേഷണം നടത്തുവാൻ അവിടെ വേണ്ടത്ര സൗകര്യമില്ലെന്നു കണ്ടപ്പോൾ അദ്ദേഹം അവിടെനിന്നും രാജിവച്ചു.

## രാമൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ഇൻഡ്യൻ ഇൻസ്റ്റിററ്യൂട്ടിൽനിന്നും രാജിവച്ച രാമൻ സ്വന്തമായി ഒരു ഗവേഷണ സമിതിയുണ്ടാക്കി. "ഇൻഡ്യൻ അക്കാഡമി ഓഫ് സയൻസ്" എന്നാണ് ആ സമിതിയുടെ പേര്. ശാസ്ത്രസമ്മേളനങ്ങൾ നടത്തുക, ഗവേഷണം നടത്തുക, ശാസ്ത്രമാസികകളുംമററും പുറപ്പെടുവിക്കുക മുതലായവയാണ് ഈ അക്കാഡമിയുടെ പ്രവത്തനങ്ങൾ. ഈ അക്കാഡമിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ബാംഗ്ളൂറിൽ ഒരു ഗവേഷണ സ്ഥാപനമുണ്ട്. "രാമൻ റിസർച്ച് ഇൻസ്റ്റിററ്യൂട്ട്" എന്നാണതിൻെറ പേര്. ഇതിന്റെ സ്ഥാപകൻ രാമൻ തന്നെയാണ്. അദ്ദേഹം തന്നെയാണ് ആ സ്ഥാപനത്തിൻെറ ഇപ്പോഴത്തെ പരമാധികാരി. അവിടെ ഗവേഷണങ്ങൾ നടത്തി ആ ശാസ്ത്രജ്ഞൻ കഴിഞ്ഞുകൂടുകയാണ്.

## 11. 'രാമൻ ഒരു ഗവേഷകൻ'

രാമൻ ഇന്നു ലോകശാസ്ത്രജ്ഞന്മാരിൽ ഒരാളാണ്. അദ്ദേഹം ലോകശാസ്ത്രജ്ഞരിൽ ഒരാളായിത്തീന്നതു് വളരെ നാളത്തെ ഗവേഷണംമൂലമാണ്. ഗവേഷണത്തിലുള്ള താല്പര്യം രാമനു ബാല്യത്തി

ലേ ഉണ്ടായിരുന്നു. ഏതു പുതിയ വസ്തു കണ്ടാലും അതിന്റെ പ്രവ ത്തനം അദ്ദേഹം സൂക്ഷിച്ചു മനസ്സിലാക്കും. പല വസ്തുക്കളും അ ദ്ദേഹം തന്നത്താൻ നിർമ്മിച്ചു നോക്കിയിട്ടുണ്ടു്. ഹൈസ്ക്കൂൾ ക്ലാ സിൽ പഠിച്ചിരുന്ന കാലത്തു് അദ്ദേഹം തന്നത്താൻ ഒരു 'ഡൈ നോമാ' ഉണ്ടാക്കി പ്രവർത്തിപ്പിച്ചു. ഈ പരീക്ഷണതാല്പര്യം അ ദ്ദേഹം പിന്നീടും തുടർന്നുകൊണ്ടിരുന്നു. ഇന്നും അദ്ദേഹം പരീക്ഷ ണങ്ങളിൽ തല്പരനാണു്.

ശാസ്ത്രപുരോഗതിക്കുള്ള ഇൻഡ്യൻ സമിതിയാണു് രാമനെ നല്ല ഗവേഷകനാക്കിയതു്. ആ സമിതിയുടെ പരീക്ഷണശാലയിൽ അദ്ദേഹം ഊണും ഉറക്കവും ഉപേക്ഷിച്ചു് അനേകദിവസങ്ങൾ തന്നെ കഴിച്ചുകൂട്ടിയിട്ടുണ്ടു്. വലിയ ചുമതലയുള്ള സർക്കാരുദ്യോ ഗത്തിലിരുന്നുകൊണ്ടാണു് അദ്ദേഹം ഈ ഗവേഷണപ്രവർത്തനങ്ങ ളിൽ ഏർപ്പെട്ടതു്. പിന്നീടു് രാമൻ രണ്ടുമൂന്നു സ്ഥലങ്ങളിലേക്കു് സ്ഥലംമാററപ്പെട്ടു. അവിടെയെങ്ങും അദ്ദേഹത്തിനു നല്ല പരീക്ഷ ണശാലകൾ കിട്ടിയില്ല. എന്നാൽ അപ്പോഴും ചെറിയ പരീക്ഷണ ങ്ങൾ അദ്ദേഹം നടത്തിവന്നു. വീടിന്റെ ഒരു മുറി ഈ അവസ രങ്ങളിലെല്ലാം അദ്ദേഹം പരീക്ഷണശാലയായി ഉപയോഗിച്ചു.

ഗവേഷണത്തിൽ രാമനുള്ള താല്പര്യം വെളിപ്പെടുത്തുന്ന മററു ചില സംഭവങ്ങൾ നാം കണ്ടുകഴിഞ്ഞതാണു്. ഈ ഗവേഷണ ങ്ങൾക്കെല്ലാം രാമൻ സഹിച്ചിട്ടുള്ള ക്ലേശങ്ങൾകൂടി നാം മനസ്സി ലാക്കണം. ഗവേഷണം നടത്തണമെങ്കിൽ മണിക്കൂറുകൾ മിനക്കെ ട്ടു കഴിയണം. ചിലപ്പോൾ ഉദ്ദേശിക്കുന്ന ഫലം കിട്ടിയില്ല എന്നു വരാം. ഉടനെ അതിന്റെ കാരണം കണ്ടുപിടിക്കണം. ഉപകര ണം മോശമായതുകൊണ്ടാണു് ഉദ്ദേശിച്ച ഫലം കിട്ടാഞ്ഞതെ ങ്കിൽ പകരം നല്ല ഉപകരണം ഉപയോഗിച്ചു് വീണ്ടും പരീക്ഷ ണം നടത്തണം.

ഗവേഷണം നടത്തുവാൻ രാമനു വലിയ താല്പര്യമുണ്ടായിരുന്നു. അതുകൊണ്ടാണു് ഏതു ബുദ്ധിമുട്ടും സഹിച്ചു് അദ്ദേഹം ഗവേഷണം

നടത്തിയതു്. ഇന്നുനമ്മുടെ വിദ്യാൎത്ഥികളിൽ പലരും വേണ്ടപോലെ ഗവേഷണം നടത്തുന്നില്ല. കാരണം ചോദിച്ചാൽ അവർ പറയും നല്ല ഉപകരണങ്ങൾ ഇല്ലെന്നു്. ഉപകരണങ്ങൾ മോശമായതുകൊണ്ടു് പരീക്ഷണം നടത്താതിരിക്കുന്നതു തെററാണു്. "വിലകൂടിയ ഉപകരണങ്ങൾ ഉണ്ടെങ്കിലേ പരീക്ഷണം നടത്തുകയുള്ളു എന്ന നിർബ്ബന്ധം നമ്മുടെ കുട്ടികൾ ഉപേക്ഷിക്കണം. അല്ലെങ്കിൽ നമ്മുടെ ശാസ്ത്രം അഭിവൃദ്ധിപ്പെടുകയില്ല." ഇതാണു് രാമൻെറ അഭിപ്രായം. പലപ്പോഴും വിലകുറഞ്ഞ ഉപകരണങ്ങൾ നമുക്കു തന്നെ ഉണ്ടാക്കാം. കുറഞ്ഞചെലവിൽ പരീക്ഷണങ്ങൾ നടത്തുന്നതിലാണു് നമ്മുടെ വിജയം. ഈ സത്യം രാമൻ മനസ്സിലാക്കിയിരുന്നു. കാരണം അദ്ദേഹം അതിനു് ആഗ്രഹിച്ചിരുന്നു. മനസ്സുണ്ടെങ്കിൽ വഴിയുമുണ്ടു്.

പരുക്കൻ ഉപകരണങ്ങൾമാത്രം ഉപയോഗിച്ചാണു് രാമൻ തൻെറ പരീക്ഷണങ്ങൾ പലപ്പോഴും നടത്തിയതു്. ചിലപ്പോഴെല്ലാം ഉദ്ദേശിക്കുന്ന ഫലം കിട്ടാതെ വന്നിട്ടുണ്ടു്. ഉപകരണങ്ങൾ മോശമായിരുന്നതാണു കാരണം. അപ്പോൾ അവയ്ക്കു പകരം പുതിയ ഉപകരണങ്ങൾ ഉപയോഗിച്ചു് വീണ്ടും അദ്ദേഹം പരീക്ഷിക്കുമായിരുന്നു.

പ്രകാശം, ശബ്ദം ഇവയെപ്പററിയായിരുന്നു രാമൻ ആദ്യകാലങ്ങളിൽ കൂടുതൽ പരീക്ഷണങ്ങളും നടത്തിയതു്. പ്രകാശത്തെപ്പററി അദ്ദേഹം കണ്ടുപിടിച്ച ഒരു പുതിയ തത്വമാണു് 'രാമൻ ഇഫക്ററു്' എന്ന പേരിൽ അറിയപ്പെടുന്നതു്. ഈ കണ്ടുപിടിത്തമാണു് അദ്ദേഹത്തെ പ്രസിദ്ധനാക്കിയതു്.

## 'രാമൻ ഇഫക്ററു്'

പല നിറങ്ങൾ നമ്മൾ കണ്ടിട്ടുണ്ടു്. ചെമപ്പു്, നീലം, പച്ച എന്നിങ്ങനെയുള്ള ഈ നിറങ്ങൾക്കെല്ലാം കാരണം ഓരോതരം പ്രകാശരശ്മികളാണു്. ഈ പ്രകാശരശ്മികൾ വെള്ളം മുതലായ വസ്തുക്കളിൽക്കൂടി കടന്നുപോകുമ്പോൾ ആദ്യത്തേതിൽ നിന്നും

വ്യത്യാസപ്പെട്ട മറെറാരു നിറം കാണാം. ഇതിൻെറ കാരണം വിവരിക്കുന്ന തത്വമാണ് രാമൻ ഇഫക്റ്റ്.

രാമൻ ഈ തത്വം കണ്ടുപിടിക്കുവാൻ ഇടയാക്കിയ പല കാരണങ്ങൾ ഉണ്ട്. പലതരം പ്രകാശങ്ങൾ രാമൻ ചെറുപ്പം മുതലേ കണ്ടിരുന്നു. ഈ പ്രകാശങ്ങളെല്ലാം രാമനെ ആകർഷിച്ചിരുന്നു. വിശാഖപട്ടണത്തിൽ താമസിച്ചിരുന്ന കാലത്തുതന്നെ ഇത്തരം പ്രകാശങ്ങളിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. കരയുടെ അടുത്തുള്ള സമുദ്രജലത്തിൽ പല നിറങ്ങൾ കാണുവാൻ ഇടയായി. ഇങ്ങനെ പല നിറം കാണുവാനുള്ള കാരണത്തെപ്പററി അദ്ദേഹം ചിന്തിച്ചു. മദ്രാസിൽ താമസിച്ചിരുന്നപ്പോഴും ഇതേ അനുഭവമുണ്ടായി.

ആദ്യമായി അദ്ദേഹം യൂറോപ്പിലേക്കു പോകുകയായിരുന്നു. അപ്പോൾ മെഡിററേനിയൻ കടലിൻെറ ആഴമേറിയ പല ഭാഗത്തും വെള്ളം കടും നീലനിറത്തിൽ അദ്ദേഹം കണ്ടു. ഈ നീലനിറത്തിൻെറ ശരിയായ കാരണമെന്തെന്ന് അന്നുവരെ ആളുകൾ മനസ്സിലാക്കിയിരുന്നില്ല. സമുദ്രജലത്തിൻെറ നിറം നീലമായി കാണുന്നതു് ആകാശത്തിൻെറ നീല നിറം അതിൽ പ്രതിഫലിക്കുന്നതുകൊണ്ടാണെന്നു ചിലർ പറഞ്ഞു. രാമൻ ഈ അഭിപ്രായം അംഗീകരിച്ചില്ല. സൂര്യരശ്മി വെള്ളത്തിൽക്കൂടി പായുമ്പോൾ സൂര്യരശ്മിയിലടങ്ങിയിട്ടുള്ള ചെമപ്പ്, പച്ച മുതലായ നിറങ്ങൾ കൂടി നീലനിറമായിത്തീരുന്നതാണ് വെള്ളത്തിൻെറ നിറം മാററത്തിനു കാരണമെന്ന് രാമൻ വിചാരിച്ചു. തൻെറ അഭിപ്രായം സ്ഥാപിക്കുവാൻ അദ്ദേഹം ചില പരീക്ഷണങ്ങൾ നടത്തിനോക്കി.

പിന്നീടൊരിക്കൽ അദ്ദേഹം അമേരിക്കയിൽവച്ച് ഒരു വലിയ മഞ്ഞുകട്ട കണ്ടു. അപ്പോൾ ആ മഞ്ഞുകട്ടയ്ക്കു് പച്ചനിറമാണെന്നുതോന്നി. ഒരു കഷണം അദ്ദേഹം മുറിച്ചെടുത്തു. ആ കഷണത്തിനു് ഒരു നിറവുമില്ലായിരുന്നു. സൂര്യരശ്മിയിലെ മററു നിറങ്ങൾ കൂടി മഞ്ഞുകട്ടയ്ക്കുള്ളിൽവച്ചു പച്ചയായി മാറിയതാണ് മഞ്ഞുകട്ടയുടെ പച്ചനിറത്തിനു കാരണമെന്ന് അദ്ദേഹം മനസ്സിലാക്കി. ഇതുപോലെ സൂര്യൻ ഉദിക്കുമ്പോഴും അസ്തമിക്കുമ്പോഴും കാണപ്പെടുന്ന ഇളം ചുവപ്പുനിറത്തിൻെറ കാരണവും അദ്ദേഹം കണ്ടുപിടിച്ചു.

സൂൎയ്യരശ്മി.. അന്തരീക്ഷത്തിലുള്ള പൊടിയിൽക്കൂടി കടന്നുപോകുമ്പോൾ ചെമപ്പൊഴിച്ചുള്ള മററു നിറങ്ങളും ചെമപ്പായി മാറുന്നു.

തന്റെ പുതിയ തത്വം സ്ഥാപിക്കുവാൻ രാമൻ പല പരീക്ഷണങ്ങളും നടത്തിനോക്കി. അങ്ങനെ പരീക്ഷണങ്ങളിൽക്കൂടി ഒരു പുതിയ തത്വം കണ്ടുപിടിച്ചു. തന്റെ പുതിയ കണ്ടുപിടിത്തത്തെക്കുറിച്ചു് അദ്ദേഹം ലോകത്തെ അറിയിച്ചു. ലോകത്തിന്റെ മററു ഭാഗങ്ങളിലുള്ളവരും രാമന്റെ പരീക്ഷണങ്ങൾ ആവൎത്തിച്ചുനോക്കി. അവർ രാമന്റെ പുതിയ കണ്ടുപിടിത്തം ശരിയെന്നു സമ്മതിച്ചു. അതോടെ 'രാമൻ ഇഫക്ററു'' പ്രസിദ്ധമായി. ഈ പുതിയ കണ്ടുപിടിത്തം ശാസ്ത്രീയമായ പല നേട്ടങ്ങളും ലോകത്തിനു നല്കി.

### ഏററവും പുതിയ കണ്ടുപിടിത്തം

ഗവേഷണങ്ങൾമൂലം മററു പല പുതിയ ശാസ്ത്രതത്വങ്ങളും അദ്ദേഹം കണ്ടുപിടിച്ചിട്ടുണ്ടു്. ഈ അടുത്തകാലത്തു് ഈ ശാസ്ത്രജ്ഞൻ നമ്മുടെ കണ്ണുകളുടെ കാഴ്ചയെപ്പററി ഒരു പുതിയ തത്വം കണ്ടുപിടിച്ചു. ഇതുവരെ ശാസ്ത്രജ്ഞന്മാർ കരുതിയിരുന്നതു് നമ്മുടെ കണ്ണുകൾക്കു് രണ്ടുതരം കാഴ്ചകൾ ഉണ്ടെന്നായിരുന്നു. ഒന്നു വെളിച്ചം കാണുന്നതും മറെറാന്നു് നിറം കാണുന്നതും. ഇങ്ങനെ രണ്ടുപ്രത്യേക കാഴ്ചകൾ ഇല്ലെന്നാണു് അദ്ദേഹത്തിന്റെ പുതിയ കണ്ടുപിടിത്തം.

## 12. ലോകശാസ്ത്രജ്ഞൻ

'രാമൻ ഇഫക്ടു'' കണ്ടുപിടിക്കപ്പെട്ടതോടുകൂടി രാമൻ ലോകശാസ്ത്രജ്ഞൻ എന്ന പദവിയിലേക്കുയൎന്നു. വിദ്യാൎത്ഥിയായിരുന്ന കാലത്തുതന്നെ ശാസ്ത്രീയലേഖനങ്ങൾഎഴുതി അദ്ദേഹം ലോകശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധയിൽപ്പെട്ടു. സൎക്കാരുദ്യോഗത്തിൽ കഴിഞ്ഞപ്പോഴും അദ്ദേഹം തന്റെ ശ്രമങ്ങൾ തുടൎന്നു. കോളേജ് പ്രഫസറായിരുന്നപ്പോഴാണു് അദ്ദേഹം പേരുള്ള ശാസ്ത്രജ്ഞനായിത്തീൎന്നതു്. ലോകത്തിന്റെ പലഭാഗങ്ങളിലുംവച്ചു് ശാസ്ത്രസമ്മേളനങ്ങളിൽ അദ്ദേഹം പങ്കെടുത്തു. പല സമ്മേളനങ്ങളിലും രാമൻ പ്രസംഗിച്ചു. ആ പ്രസംഗങ്ങളിൽ പലതും പ്രസിദ്ധങ്ങളാണു്.

ആദ്യമായി രാമൻ യൂറോപ്പുയാത്ര നടത്തിയതു് 1921—ലായിരുന്നു. അന്നു് അദ്ദേഹം കൽക്കട്ടാ കോളേജിലെ അദ്ധ്യാപകനായിരുന്നു. ഓക്സ്ഫോർഡിൽവച്ചു കൂടിയ ശാസ്ത്രസമ്മേളനത്തിൽ പങ്കെടുക്കുവാനാണു് അദ്ദേഹം അന്നു യൂറോപ്പിലേക്കു പോയതു്. ഇതിനുശേഷം യൂറോപ്പിലും അമേരിക്കയിലും രാമൻ പല പ്രാവശ്യം പോയിട്ടുണ്ടു്. ലോകത്തിന്റെ പലഭാഗങ്ങളിലുമുള്ള ശാസ്ത്രജ്ഞന്മാരുമായി രാമൻ പരിചയപ്പെട്ടു.

ലോകശാസ്ത്രജ്ഞനായിത്തീർന്നതോടുകൂടി രാമനു് പല ബഹുമതികളും സമ്മാനങ്ങളും കിട്ടി. ഇവയിൽ ഏററവും പ്രധാനം നോബൽസമ്മാനമാണു്. 1930—ലാണു് രാമൻ നോബൽ സമ്മാനം നേടിയതു്. 'രാമൻ ഇഫക്ടാ'ണു് ഈ സമ്മാനം നേടിക്കൊടുത്തതു്.

എന്താണീ നോബൽ സമ്മാനം? അതിന്റെ ചരിത്രമിതാണു്. സ്വീഡൻ എന്ന രാജ്യത്തു് 'ആൽഫ്രഡ്നോബൽ' എന്നൊരു ശാസ്ത്രജ്ഞൻ ഉണ്ടായിരുന്നു. അദ്ദേഹം ഒരു പുതിയതരം വെടിമരുന്നുകണ്ടുപിടിച്ചു. അന്നുവരെ ലോകത്തിലുണ്ടായിട്ടുള്ളതിൽ വച്ചു് അതു ശക്തികൂടിയതായിരുന്നു. യുദ്ധത്തിനു് ഇത്രയും നല്ല വെടിമരുന്നു വേറെ ഇല്ലായിരുന്നു. നോബൽ കണ്ടുപിടിച്ച പുതിയവെടിമരുന്നിനു നല്ല ചെലവുമുണ്ടായി. അതോടുകൂടി അദ്ദേഹം വലിയ പണക്കാരനായി. പക്ഷേ, പണം വളരെ കിട്ടിയിട്ടും നോബൽ സന്തോഷിച്ചില്ല. മറിച്ചു്, തന്റെ കണ്ടുപിടിത്തം ലോകത്തിനു് വലിയ നാശം ചെയ്തതിൽ അദ്ദേഹം സങ്കടപ്പെടുകയാണു ചെയ്തതു്.

നോബൽ വിവാഹം ചെയ്തിരുന്നില്ല. പണക്കാരനായിരുന്ന നോബൽ ഒരു മരണപത്രമെഴുതി. ഇതിൻപ്രകാരം അദ്ദേഹത്തിന്റെ സ്വത്തു മുഴുവൻ പണമാക്കി ഒരു ബാങ്കിൽ നിക്ഷേപിച്ചു. ആ പണത്തിന്റെ പലിശകൊണ്ടു് വർഷംതോറും അഞ്ചുസമ്മാനങ്ങൾ കൊടുക്കണമെന്നു് അതിൽ പറഞ്ഞിരുന്നു. ഇപ്പോഴും വർഷംതോറും ഈ അഞ്ചുസമ്മാനങ്ങൾ കൊടുത്തുപോരുന്നുണ്ടു്. ഇവയാണു് നോബൽ സമ്മാനങ്ങൾ.

നോബൽസമ്മാനം അപേക്ഷ അയച്ചാൽ കിട്ടുന്നതല്ല. ഓരോ വിഷയത്തിലും സമർത്ഥരായ ആളുകൾ ചേർന്നാണു് യോഗ്യരായ

വരെ തിരഞ്ഞെടുക്കുന്നതു്. ഏതെങ്കിലും ഒരു സമ്മാനത്തിനു് യോഗ്യതയുള്ളവരെ ഒരു വർഷം കിട്ടിയില്ലെങ്കിൽ ആ വർഷം ആ സമ്മാനം കൊടുക്കുകയില്ല. ആ തുകക്രൂടി മുതലിൽ ചേക്കും.

ഭാരതത്തിൽ രണ്ടുപേക്കു മാത്രമേ ഇതുവരെ നോബൽ സമ്മാനം കിട്ടിയിട്ടുള്ളു. ഒന്നു സാഹിത്യകാരനായ ടാഗോറിനും മറെറാന്നു് ശാസ്ത്രജ്ഞനായ രാമനും.

നോബൽസമ്മാനം കിട്ടുന്നതിനുമുമ്പും കിട്ടിയശേഷവും രാമനു് മററു രാജ്യങ്ങളിൽനിന്നും പല ബഹുമതികളും സമ്മാനങ്ങളും കിട്ടിയിട്ടുണ്ടു്. 1924-ൽ രാമനെ ലണ്ടനിലെ രാജകീയ സമിതിയിലെ ഒരു അംഗമായി തിരഞ്ഞെടുത്തു. വലിയ വലിയ ശാസ്ത്രജ്ഞന്മാരെ മാത്രമേ ആ സമിതിയിൽ അംഗങ്ങളായി ചേക്കുകയുള്ളു. 1928-ൽ ഇററലിയിലെ ഒരു ശാസ്ത്രസമിതിയിൽനിന്നും രാമനു് "മെട്ടൂച്ചി മെഡൽ" എന്ന സമ്മാനം കിട്ടി. ഹ്യൂഗ്സ് മെഡൽ, ഫ്രാങ്ക്ളിൻ മെഡൽ മുതലായി പ്രസിദ്ധങ്ങളായ മററുപല മെഡലുകളും രാമനു കിട്ടിയിട്ടുണ്ടു്.

നമുക്കു സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പു് നമ്മുടെ രാജ്യം ഭരിച്ചിരുന്നതു് ബ്രിട്ടീഷ് ചക്രവത്തിമാരായിരുന്നു. അന്നു ചക്രവത്തിയുടെ തിരുനാൾ പ്രമാണിച്ചു് പലക്കും ബഹുമതികൾ കൊടുത്തിരുന്നു. 1929-ൽ ഇന്ത്യയെ ഭരിച്ചിരുന്ന ചക്രവത്തി രാമനു് 'സർ' സ്ഥാനം നൽകി. അന്നു മുതൽ അദ്ദേഹം സർ. സി. വി. രാമനായി.

പാരീസു്, ഗ്ലാസ്ഗോ മുതലായി മററു രാജ്യങ്ങളിലെ പ്രസിദ്ധങ്ങളായ പല സവ്കലാശാലകളും രാമനു് ബഹുമതികൾ നല്കിയിട്ടുണ്ടു്. റഷ്യയിൽനിന്നും 1957-ലെ 'ലെനിൻ സമ്മാനം' കിട്ടിയതു രാമനാണു്. 1961 മുതൽ അദ്ദേഹത്തെ ലോകശാസ്ത്രസമിതിയിൽ ഒരു അംഗമായി തിരഞ്ഞെടുത്തിട്ടുണ്ടു്.

മററു രാജ്യക്കാർ രാമനെ ബഹുമാനിച്ചു. അതുപോലെ ഭാരതീയരും അദ്ദേഹത്തെ ബഹുമാനിച്ചിട്ടുണ്ടു്. കൽക്കട്ടാ, ബോംബെ, മദ്രാസു് മുതലായ ഭാരതീയ സവ്വകലാശാലകൾ രാമനു ബഹുമതികൾ നൽകി. 1947-ലാണു് ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയതു്. 1948-ൽത്തന്നെ നമ്മുടെ ഗവണ്മെൻറു് ശാസ്ത്രത്തിനു് ഒരു ദേശീ

യ പ്രഫസർ സ്ഥാനം ഏർപ്പെടുത്തി. ആ സ്ഥാനം രാമനാണു് കൊടുത്തതു്. 1954-ൽ അദ്ദേഹത്തിനു് ഇന്ത്യൻ പ്രസിഡൻറു് 'ഭാരതരത്നം' എന്ന ബഹുമതി നൽകി.

ERNAKULAM

ഇങ്ങനെ സ്വന്തം നാട്ടുകാരും അന്യനാട്ടുകാരും അദ്ദേഹത്തെ ബഹുമാനിച്ചിട്ടുണ്ടു്. ഇപ്പോഴും ലോകം മുഴുവൻ അദ്ദേഹത്തെ ബഹുമാനിച്ചുകൊണ്ടിരിക്കുന്നു.

## 13. "രാമൻ ഒരു പ്രസംഗകൻ"

ശാസ്ത്രജ്ഞന്മാരിൽ നല്ല പ്രസംഗകർ ചുരുക്കമാണു്. രാമനാകട്ടെ ശാസ്ത്രജ്ഞനായിരിക്കുന്നതുപോലെ ഒരു പ്രസംഗകനുമാണു്. ഭാരതത്തിലെ പ്രസിദ്ധരായ പ്രസംഗകരിൽ ഒരാളാണദ്ദേഹം. രാമൻെറ പ്രസംഗം എവിടെയെങ്കിലുമുണ്ടെങ്കിൽ അവിടെ ആളുകൾ തടിച്ചുകൂടാറുണ്ടു്. ഒരു ശാസ്ത്രജ്ഞനെ സാധാരണ ജനങ്ങൾ അറിഞ്ഞില്ലെന്നു വരാം. എന്നാൽ ഒരു പ്രസംഗകനെ സാധാരണക്കാർ അറിയാതിരിക്കയില്ല. കാരണം നല്ല പ്രസംഗകർ സാധാരണക്കാരുടെ ഇടയിലാണു് പ്രസംഗിക്കാറുള്ളതു്.

എല്ലാവർക്കും നല്ല പ്രസംഗകരായിരിക്കുവാൻ സാദ്ധ്യമല്ല. നന്നായി പ്രസംഗിക്കുന്നതിനു ചില പ്രത്യേക കഴിവുകൾ വേണം. ഈ കഴിവുകളെല്ലാം രാമനിലുണ്ടു്. അദ്ദേഹം പ്രസംഗസ്ഥലത്തു് എഴുന്നേററു നിന്നാൽ പിന്നീടു തന്നത്താൻ മറക്കുകയാണു്. എന്തിനെപ്പററി പ്രസംഗിക്കുന്നുവോ അതിൽത്തന്നെ അദ്ദേഹം അലിഞ്ഞുചേരും. പ്രസംഗത്തിനു ചേർന്ന പല ആംഗ്യങ്ങളും അദ്ദേഹം കാണിക്കും. പ്രസംഗിക്കുവാൻ നില്ക്കുന്ന രാമൻെറ മുഖം ചിലപ്പോൾ സന്തോഷം നിറഞ്ഞതായി കാണാം. ചിലപ്പോൾ ആ മുഖം ഗൗരവം നിറഞ്ഞതായി മാറും. സാധാരണക്കാർക്കു് മനസ്സിലാകുന്ന ഭാഷയിലേ അദ്ദേഹം പ്രസംഗിക്കു. വലിയ വലിയ ശാസ്ത്രകാര്യങ്ങൾ നമ്മുടെ ചുററും കാണുന്ന ഉദാഹരണങ്ങൾ വഴിയാണു് അദ്ദേഹം വിവരിക്കുന്നതു്. ഇടയ്ക്കിടയ്ക്കു് ഫലിതം ചേർക്കും. ചുരുക്കത്തിൽ; കേൾവിക്കാരെ രസിപ്പിക്കുവാനുള്ള എല്ലാ കഴിവുകളും പ്രസംഗകനായ രാമനുണ്ടു്.

രാമൻെറ പ്രസംഗങ്ങളധികവും ശാസ്ത്രകാൎയ്യങ്ങളെക്കുറിച്ചാണ്. എന്നാൽ മററു വിഷയങ്ങളെക്കുറിച്ചും അദ്ദേഹം പ്രസംഗിച്ചിട്ടുണ്ട്. "ഇൻഡ്യയിലെ പഴയ വിദ്യാഭ്യാസരീതികൾ" തുടങ്ങിയ വിഷയങ്ങളെക്കുറിച്ചും രാമൻ അമേരിക്കയിൽവച്ചു ചെയ്ത പ്രസംഗങ്ങൾ പ്രസിദ്ധങ്ങളാണ്. ആ പ്രസംഗങ്ങൾ മുഴുവൻ അമേരിക്കയിലെ പത്രങ്ങൾ അതേപടി പ്രസിദ്ധപ്പെടുത്തി. ഏററവും നല്ല പ്രസംഗങ്ങൾ മാത്രമേ പത്രങ്ങളിൽ മുഴുവനായി പ്രസിദ്ധപ്പെടുത്താറുള്ളു. അതുപോലെ ബിരുദദാന സമ്മേളനങ്ങളിൽ രാമൻ നടത്തിയിട്ടുള്ള പല പ്രസംഗങ്ങളും വളരെ പ്രസിദ്ധങ്ങളാണ്. രാമൻെറ പ്രസിദ്ധങ്ങളായ ചില പ്രസംഗങ്ങളിൽനിന്നു ചില ഭാഗങ്ങൾ താഴെ ചേൎക്കുന്നു.

ശാസ്ത്രത്തെപ്പററി ഒരിക്കൽ രാമൻ പറഞ്ഞതു് ഇങ്ങനെയാണ്. "മനുഷ്യൻ വെറും പുഴുവിനു തുല്യനാണ്. അവൻ വസിക്കുന്ന ഈ ലോകമോ എത്ര വലുതു്! ഈ ലോകത്തിൽ വലിയ വലിയ രഹസ്യങ്ങൾ പലതുമുണ്ട്. ആ രഹസ്യങ്ങൾ മനുഷ്യൻ അറിയേണ്ടതു് ഒരാവശ്യമാണ്. ആ രഹസ്യങ്ങൾ അറിയുമ്പോൾ മാത്രമേ താൻ തീരെ നിസ്സാരനാണെന്നു് അവൻ മനസ്സിലാക്കുകയുള്ളു. അപ്പോൾ മാത്രമേ അവൻ ഈശ്വരനെപ്പററി അറിയുകയുള്ളു. ഇങ്ങനെ മനുഷ്യനു തന്നെപ്പററിത്തന്നെ മനസ്സിലാക്കുവാനും ഈശ്വരനെ അറിയുവാനും ഒരു വഴിയുണ്ട്. ആ വഴിയാണ് ശാസ്ത്രം."

ഭാരതീയരായ നമ്മൾ ശാസ്ത്രകാൎയ്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതിനെപ്പററി അദ്ദേഹം പിന്നീടൊരിക്കൽ ഇങ്ങനെ പറഞ്ഞു.

"നമ്മളുടെ കാൎയ്യങ്ങൾ നമ്മൾതന്നെ നോക്കണം. എല്ലാത്തിനും നമ്മൾ മററു രാജ്യക്കാരെ ആശ്രയിക്കുന്നതു കഷ്ടമാണ്. ശാസ്ത്രകാൎയ്യങ്ങളിൽ നമ്മൾ കൂടുതൽ ശ്രദ്ധിച്ചാൽ മാത്രമേ നമ്മൾക്കു് സ്വന്തം കാലിൽ നില്ക്കാൻ സാധിക്കൂ. ഭാരതത്തിലെ ആളുകൾക്കു് ഇന്നും ശാസ്ത്രത്തെ സംശയമാണ്. ചിലൎക്കു് ശാസ്ത്രത്തെ പേടിയാണ്. ഈ സംശയവും പേടിയും മാറിയെങ്കിൽ മാത്രമേ നമ്മൾ നന്നാകൂ. നമ്മൾ ശാസ്ത്രകാൎയ്യങ്ങളിൽ കൂടുതൽ ശ്രദ്ധിച്ചില്ലെങ്കിൽ എന്നും മററു രാജ്യക്കാരെ ആശ്രയിക്കേണ്ടിവരും."

ഒരു സമ്മേളനത്തിൽവച്ച് രാമൻ കുട്ടികളോടായിട്ട് ഇങ്ങനെ പറഞ്ഞു.

"പ്രിയപ്പെട്ട കുട്ടികളേ, നിങ്ങളാണ് നമ്മുടെ രാജ്യത്തിൻെറ സമ്പത്ത്. ഒരു രാജ്യത്തിൻെറ സമ്പത്ത് സ്വർണ്ണമോ വെള്ളിയോ അല്ല. പിന്നെയോ ആ രാജ്യത്തെ കുട്ടികളാണ്. അവരുടെ ബുദ്ധി യും മനസ്സും ശരീരവും വളരണം. അങ്ങനെ വളരേണ്ടതു് വിദ്യാല യത്തിൽവച്ചാണ്. നമുക്കു സ്വാതന്ത്ര്യം കിട്ടിയിട്ട് നാളുകൾ ഏറെയായി. എന്നാൽ ഒട്ടിയ വയറും കുഴിഞ്ഞ കണ്ണുകളുമല്ലേ നമുക്കു ചുററുമുള്ളതു്? നമ്മുടെ ബുദ്ധിയും മനസ്സും ശരീരവും നമ്മു ടെ രാജ്യത്തിനുവേണ്ടി ചെലവുചെയ്യുക. ഇതാണ് മററെല്ലാവരെ യുംപോലെ, കുട്ടികളായ നിങ്ങളും ചെയ്യേണ്ടതു്."

## 14. രാമൻ ഒരു നല്ല മനുഷ്യൻ

ശാസ്ത്രജ്ഞനായ രാമനു മററുപല കഴിവുകളുമുണ്ട്. അദ്ദേഹം ഭംഗിയായി പ്രസംഗിക്കും. നന്നായി പാടും. എല്ലാത്തിനും പുറമെ രാമൻ ഒരു നല്ല മനുഷ്യനാണ്. സക്കാരുദ്യോഗത്തിൽ കഴിഞ്ഞ കാലത്തുതന്നെ രാമൻെറ നല്ല സ്വഭാവം പൊതുജനങ്ങൾ മനസ്സി ലാക്കിയിട്ടുണ്ട്.

രാമൻ നാഗപ്പൂരിലിരുന്നപ്പോൾ ഒരാൾ കുറെ നൂറുരൂപാ നോട്ടുകളുമായി രാമൻെറ ആഫീസിൽവന്നു. തീപിടിച്ചു കഴിഞ്ഞ നോട്ടുകളായിരുന്നു അവ. ഈ നോട്ടുകൾക്കുപകരം നല്ല നോട്ടുകൾ കിട്ടിയാൽ കൊള്ളാമെന്നു വന്നയാൾ പറഞ്ഞു. രാമൻ നോട്ടുകൾ വാങ്ങിച്ചുനോക്കി. അവ എല്ലാം കരിഞ്ഞനോട്ടുകളായിരുന്നു. നമ്പരു കൾ വായിച്ചു മനസ്സിലാക്കുവാൻ നിവൃത്തിയില്ലായിരുന്നു. എന്നാ ലും ആ സാധുവിൻെറ മുഖം കണ്ടപ്പോൾ അയാളെ സഹായിക്ക ണമെന്നു രാമനു തോന്നി. അദ്ദേഹം ഭൂതക്കണ്ണാടി ഉപയോഗിച്ച് നോട്ടുകളുടെ നമ്പരുകൾ കണ്ടുപിടിച്ചു. ആ നമ്പരുകൾ കുറിച്ചെടു ത്തിട്ടു പകരം നല്ല നോട്ടുകൾ കൊടുത്തു. നല്ല ആളുകളെ ഇങ്ങനെ യൊക്കെ ചെയ്യാറുള്ളു.

രാമൻ ഇപ്പോൾ ബാംഗ്ളൂരിൽ താമസിക്കുകയാണ്. അദ്ദേഹത്തിനു ചില നല്ല ഗുണങ്ങൾ ഉണ്ട്. അദ്ദേഹം ഏററവും ശാന്തനാണ്. മുഖത്തുനോക്കിയാൽ ആ ശാന്തത വെളിപ്പെടും. വേഷവിധാനങ്ങളിലോ ആഡംബരത്തിലോ രാമനു യാതൊരു ശ്രദ്ധയുമില്ല. തേച്ചുമിനുക്കിയ വസ്ത്രങ്ങളേ ഉപയോഗിക്കൂ എന്നു രാമനു നിർബ്ബന്ധമില്ല. പൗഡറും സ്നോയുമൊന്നും അദ്ദേഹത്തിന് അത്യാവശ്യവസ്തുക്കളല്ല. മോട്ടാർകാറിലേ സഞ്ചരിക്കൂ എന്ന് അദ്ദേഹം ശാഠ്യം പിടിക്കയില്ല. ഇത്ര താഴ്മയുള്ള ആളുകൾ എണ്ണത്തിൽ ചുരുക്കമാണ്. വലിയവരെയും ചെറിയവരെയും അദ്ദേഹത്തിനിഷ്ടമാണ്. എത്ര പാവപ്പെട്ടവനും അദ്ദേഹത്തിൻെറ മുൻപിൽ കടന്നുചെല്ലാം. കാര്യങ്ങൾ തുറന്നു പറയാം. ചെയ്യാവുന്ന ഉപകാരങ്ങൾ എല്ലാം ചെയ്യും. ചെറിയ പരിചയമുള്ളവരെപ്പററിയും രാമൻ പറയാറുള്ളത് എൻെറ സ്വന്തം എന്നാണ്.

കത്തുകൾ അയയ്ക്കുന്നവൎക്ക് മറുപടി എഴുതുന്ന കാര്യത്തിൽ രാമനു നിർബ്ബന്ധമുണ്ട്. നമ്മുടെ പല നേതാക്കൾക്കും ഇല്ലാത്ത ഒരു ഗുണമാണിതു്. ശാസ്ത്രകാര്യങ്ങളെക്കുറിച്ചു ഏതു സംശയവും അദ്ദേഹത്തോടു എഴുതിച്ചോദിക്കാം. മടങ്ങുന്ന തപാലിൽ മറുപടി അയച്ചുതരും.

വീട്ടിൽവരുന്നവരോട് അദ്ദേഹം വളരെ സ്നേഹത്തോടെ പെരുമാറും. തമാശകൾ പറഞ്ഞു് അവരെ രസിപ്പിക്കും. ശാസ്ത്രത്തിൽ അല്പം താല്പൎയ്യമുള്ളവരെ അദ്ദേഹത്തിനു വലിയ കാര്യമാണ്. അവരെ കൂടുതൽ രസിപ്പിക്കും. എല്ലാവരെയും അദ്ദേഹം ഭംഗിയായി സല്ക്കരിക്കും. ബാംഗ്ളൂരിൽചെന്നു് രാമനെ കാണ്മാൻ സാധിച്ചാൽ അതൊരു ഭാഗ്യമാണ്. അവിടെച്ചെന്നു് അദ്ദേഹത്തെ കാണ്മാനുള്ള ഒരു വഴിയുണ്ട്. അദ്ദേഹത്തിൻെറ മേൽവിലാസം താഴെ ചേൎക്കുന്നു. ആ മേൽവിലാസക്കാരനെ അന്വേഷിച്ചു കണ്ടുപിടിച്ചാൽ മതി. ഇതാണദ്ദേഹത്തിൻെറ പൂൎണ്ണമായ മേൽവിലാസം:-

സർ. സി. വി. രാമൻ R. F. S. N. L.,
ഡയറക്ടർ, രാമൻ റിസർച്ച് ഇൻസ്റ്റിററ്യൂട്ട്,
ഹെബ്ബാൽ പോസ്റ്റ്, ബാംഗ്ളൂർ 6.

## 15. ഓർക്കേണ്ട വർഷങ്ങളും കാര്യങ്ങളും

1888 — ജനനം
1906 — എം. ഏ. ജയിച്ചു.
" — വിവാഹം
1907 — സർക്കാരുദ്യോഗം കിട്ടി
1917 — കോളേജ് പ്രഫസറായി
1921 — ആദ്യത്തെ യൂറോപ്പുയാത്ര
1924 — ലണ്ടനിലെ രാജകീയ സഭാംഗം
1928 — രാമൻ ഇഫക്റ്റ് കണ്ടുപിടിച്ചു
" — മെട്ടൂച്ചിമെഡൽ
1929 — സർ സ്ഥാനം
1930 — നോബൽ സമ്മാനം
1933 — ബാംഗ്ലൂർ സയൻസ് ഇൻസ്റ്റിററ്യൂട്ടിൽ ചേർന്നു
1948 — ശാസ്ത്രത്തിനുള്ള ഇൻഡ്യൻ ദേശീയ പ്രഫസർ
1954 — ഭാരതരത്നം
1957 — ലെനിൻ സമ്മാനം
1961 — ലോകശാസ്ത്രസമിതിയിൽ അംഗം
1966 — മനുഷ്യന്റെ കാഴ്ചയെപ്പററിയുള്ള പുതിയ കണ്ടുപിടിത്തം

Printed at
THE BHAGYODAYAM PRESS
Pulikeezh, Tiruvalla 2

ബാലസാഹിത്യ ഗ്രന്ഥാവലി

Date..................

# സി. വി. രാമൻ

സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ, കേരളം

Indic Digital Archive Foundation
gpura.org